# ആത്മപോഷിണി


| പുസ്തകം ൧. | ൧൦൮൮ മകരം | ലക്കം ൧൦. |
| --- | --- | --- |


## മംഗളം.

ലോകത്തിൽസ്സൃഷ്ടിരക്ഷാലയനടപടികൾക്കാണി യാതൊന്നു; യാതൊ-
ന്നാകന്നു ബന്ധമോക്ഷത്തിന്ന മുനികൾ മനംകൊണ്ടു തേടും പദാൎത്ഥം;
ഏകം ത്വത്ത്വമസ്യാദിമനിഗമവചസ്സേതിനെച്ചൊല്ലിടുന്നു;
ശ്രീ കൊണ്ടാച്ചിൽപ്രകാശം പെരിയ പദവിയെപ്പോഷിണിക്കേകിടട്ടേ.

— കുററിപ്പുറത്ത് കിട്ടുണ്ണിനായർ.

## ഹിന്ദുക്കളുടെ യുദ്ധതത്ത്വശാസ്ത്രം.

ക്രിസ്ത്വാബ്ദത്തിന്ന് എത്രയോ അനേകം നൂററാണ്ടുകൾക്കു മുമ്പുതന്നെ ബുദ്ധിശാലികളും നീതിജ്ഞന്മാരും ആയ ഹിന്ദുക്കൾ കണ്ടുപിടിച്ച യുദ്ധതത്ത്വങ്ങൾ തന്നെയാണ് ക്രിസ്തീയമഹാശക്തികൾ ഹേഗി (Hague)ലും ജനീവ (Geneva)യിലും മററും വെച്ചു സഭകൂടി നിശ്ചയിച്ച നിയമങ്ങളെന്നു കേൾക്കുമ്പോൾ, ഭാരതീയരായ നമുക്ക് അളവററ അഭിമാനവും ചാരിതാൎത്ഥ്യവും ഉണ്ടാവാതിരിക്കുമോ? യുദ്ധം ലോകനന്മക്ക് അത്യാവശ്യകമാണെന്നു തന്നെയാണ് ഹിന്ദുക്കളുടേയും അഭിപ്രായം. എന്നാൽ രാജ്യസമ്പാദനത്തെക്കാൾ മഹത്തരമായതാണ് സമാധാനപാലനമെന്നും അവർ നിൎവ്യാജമായി വിശ്വസിക്കാതിരുന്നില്ല. സത്യജ്ഞരായ അവരെല്ലാം ഉച്ചത്തിൽ പ്രസംഗിച്ചിരുന്നതു, ജനസമുദായങ്ങളുടെ ശരിയായ സ്ഥിതി സമാധാനമെന്നായിരുന്നു. പക്ഷെ, ഓരോ രാജ്യങ്ങൾക്ക് ഉത്കൃഷ്ടപദവി സിദ്ധിക്കേണമെങ്കിൽ, യുദ്ധം ചില സമയങ്ങളിൽ അത്യാവശ്യമായിത്തീരുന്നതാണെന്ന വസ്തുത വിസ്മരിപ്പാൻ തരമില്ല. “ഏററവും ശക്തിയുള്ളവൻ വിജയിയായി ഭവിക്കും” എന്ന പ്രകൃതിനിയമത്തെ അതിക്രമിക്കുവാൻ രാഷ്ട്രീയമായ നീതിന്യായനിയമങ്ങൾക്കു സാധിക്കുമോ? എന്നു പാശ്ചാത്യപണ്ഡിതനായ ഗ്രോട്ടസ് (Grotus) ചോദ്യംചെയ്യുന്നുണ്ടു.

യി. എന്നാ[illegible]ദ്ദേഹത്തിന്നു മുപ്പത്തു നൂററാണ്ടുകൾക്കു മുമ്പെ ഹിന്തുതത്വാന്വേഷികൾ ഈ വാദപ്രതിവാദത്തിൽ മുഴുകിയിരുന്നു എന്നതു രസകരമായ ഒരു വിവരമല്ലേ? ആകപ്പാടെ ആലോചിക്കുന്നതായാൽ, യുധിഷ്ഠിരനും, ജോർജ്ജുപഞ്ചമനും ഡെൽഹിയിൽവെച്ചു പട്ടാഭിഷേകം കഴിച്ച കാലങ്ങൾക്കു തമ്മിൽ യുദ്ധതത്വങ്ങളെ സംബന്ധിച്ചേടത്തോളം യാതൊരു വ്യത്യാസവുമില്ലെന്നു സ്പഷ്ടമാകുന്നതാണ്. അതിനാൽ, പാശ്ചാത്യന്മാർ സഭകൂടി നിശ്ചയിച്ചിട്ടുള്ളതായ നിയമങ്ങളുടെ രീതിയിലുള്ള ചില ഹിന്തുയുദ്ധതത്വങ്ങളെ പ്രസ്താവിക്കുന്നതു വായനക്കാൎക്കു രുചികരമായിരിക്കുമെന്നു വിശ്വസിക്കുന്നു.

ക്രിസ്ത്വബ്ദത്തിന് ൫൦൦൦ കൊല്ലങ്ങൾക്കു മുമ്പു നിൎമ്മിച്ചതായ മഹാഭാരതഗ്രന്ഥത്തിലാണല്ലോ യുദ്ധനിയമങ്ങളെ സവിസ്തരമായി പ്രതിപാദിച്ചിട്ടുള്ളത്. "യുദ്ധം കൂടാതെയാണ് രാജാവു വിജയം സിദ്ധിക്കുവാൻ ശ്രമിക്കേണ്ടത്" (ശാന്തിപൎവ്വം), "വേറെമാൎഗ്ഗമുണ്ടെങ്കിൽ യുദ്ധത്താൽ ഉണ്ടാകുന്ന ലഹളകൾ ഇല്ലായ്മ ചെയ്യേണ്ടതാണ്" (ശാന്തി) എന്നു കൌരവന്മാരുടെ പടനായകനായ ഭീഷ്മർ അഭിപ്രായപ്പെടുകയുണ്ടായി. "കായികബലം, സദുപദേശം, ധനം, ജാതി, ബുദ്ധി ഇങ്ങിനെ അഞ്ചുവിധത്തിലുള്ള ശക്തികൾ മനുഷ്യൎക്കുണ്ട്; എന്നാൽ ദേഹശക്തി മററുള്ളവയെക്കാൾ മോശമായിട്ടുള്ള"താണെന്ന് (ഉദ്യോഗപൎവ്വം) വിദുരർ പ്രസ്താവിച്ചു. "രാജ്യസമ്പാദനത്തിന്നു വേണ്ടി യുദ്ധം ചെയ്യാതിരിക്കണം. സമാധാനിപ്പിച്ചും, ദാനം ചെയ്തും, ഇതരരാജ്യങ്ങളിൽ സ്വരച്ചേൎച്ചയില്ലാതാക്കിയുമാണ് രാജ്യങ്ങളെ കൈവശപ്പെടുത്തേണ്ടത്" (ശാന്തി). ഈ തത്വത്തെ റോമക്കാർ മാത്രമല്ല ഇക്കാലത്തുള്ള ഭരണാധികാരികളും പ്രബലമായി കരുതുന്നുണ്ട്.

"ശത്രുരാജ്യത്തെ ആക്രമിച്ചേടക്കുവാനുള്ള യത്നംകൊണ്ടു സ്വരാജ്യത്തെ പരിഷ്കരിക്കാം" എന്ന് ഉദ്യോഗപൎവ്വത്തിൽ കാണുന്നതു വളരെ വിലയേറിയ ഒരു തത്വമാണ്. ഇതനുസരിച്ചു തന്നെയാണല്ലൊ ഇംഗ്ലീഷുകാർ അഫ്ഘാനിസ്ഥാനിൽ പ്രവൎത്തിച്ചത്. നല്ല യുദ്ധം ചീത്ത സമാധാനകാലത്തെക്കാൾ അധികം നല്ലതാണോ എന്ന പാശ്ചാത്യന്മാരുടെ പ്രധാന തൎക്കത്തെപ്പററി വിദുരർ പ്രസംഗിക്കുന്നുണ്ട്. "ഒരു മഹാസൈന്യത്തെ ശേഖരിച്ചുകഴിഞ്ഞതിന്നു ശേഷവുംകൂടി അല്ലയോ യുധിഷ്ഠിര! നിങ്ങൾ സമാധാനത്തിന്നായി ശ്രമിക്കണം, ഈ ശ്രമങ്ങൾ നിഷ്ഫലമാകുന്നപക്ഷം യുദ്ധത്തിന്നു പോകുവാൻ വിരോധമില്ല. അല്ലയോ ഭാരത! യുദ്ധത്താൽ ആൎജ്ജിച്ച വിജയം വളരെ ശ്ലാഘ്യമല്ല." (ശാന്തി)

ഇപ്പോഴുള്ള സഖിത്വങ്ങളും (Allies) മററും പ്രാചീനഹിന്തുക്കളുടെ ഇടയിൽ പ്രധാനസ്ഥാനത്തെ പ്രാപിച്ചിരുന്നു. ഇവകൊണ്ടാണ് യുദ്ധങ്ങളെ കഴിയുംവിധം ഇല്ലായ്മചെയ്കയും, പരാക്രമണത്തെ തടുക്കുന്നതിന്നുവേണ്ട ശക്തിയുണ്ടാക്കുകയും ചെയ്തിരുന്നത്. സഖിത്വങ്ങൾ മൂന്നുപ്രകാരത്തിൽ നിലനിന്നുപോരുന്നു. ചിലതു ഭയത്താലും, മററുചിലതു പലേ സഹായങ്ങളും ചെയ്തുകൊടുക്കുന്നതിനാലും, വേറെ ചിലതു ധനാദികൾ

കൊടുക്കുന്നതിനാലുമാണുണ്ടാകുന്നത് (ശാന്തി). ആധുനികയുദ്ധത്തിൽ ഏൎപ്പെട്ടിട്ടുള്ള ഇരുകക്ഷികളുടേയും കൂട്ടത്തിലുള്ള സഖികളെപ്പററി നിരൂപണംചെയ്യുന്നതായാൽ ഈ തത്വം വെളിവാകുന്നതാണ്.

സഖിത്വങ്ങൾ, സമാധാനമുണ്ടാക്കുന്നതും യുദ്ധത്തിന്നു അസാമാന്യമായ സഹായം ചെയ്യുന്നതുമാണ് എന്നായിരുന്നു മുൻകാലങ്ങളിലും കരുതിയിരുന്നത്. സഖിത്വത്താൽഅസാദ്ധ്യമായിട്ടു യാതൊന്നുമില്ല (ശാന്തി) എന്നാണ് വിദുരൻ പറയുന്നത്. "കാട്ടിൽനിന്നു പുറത്തുവന്ന പുലിയെ പിടിക്കുവാൻ യാതൊരു പ്രയാസവുമില്ല; ഒരു പുലിയുമില്ലാത്ത കാടു വെട്ടിനശിപ്പിക്കുവാനും എളുപ്പമുണ്ടു; അതിനാൽ വ്യാഘ്രം വനത്തേയും, വനം വ്യാഘ്രത്തേയും രക്ഷിക്കുന്നു" എന്നു ഭഗവാൻ ശ്രീകൃഷ്ണൻ പ്രതിപാദിക്കുന്നു. "ഒരു പൊങ്ങിൻതടിയുടെ സഹായത്താൽ അഗാധവും വിസ്തൃതവും ആയ നദിയെ ഒരുവൻ കടന്നു; അയാൾ ആ സാധനത്തേയും, അത് ആയാളേയും പുഴയുടെ മറുകരയിലേക്കു കൊണ്ടുപോകുന്നു" (ശാന്തി) എന്നു ഭീഷ്മരും പ്രസ്താവിക്കുന്നുണ്ട്. യുദ്ധത്തെപ്പോലെ അത്ര ആവശ്യമുള്ളതാണ് സഖികളും എന്നായിരുന്നു ഈ യുദ്ധശാസ്ത്രജ്ഞന്മാരുടെ പൂൎണ്ണവിശ്വാസം. "സൎപ്പരേയും സംബന്ധിച്ചതായ വല്ല കഷ്ടപ്പാടുകളും ഉണ്ടാകുമ്പോൾ, ശക്തനായ ശത്രുവോടു സഖ്യം ചെയ്യേണ്ടതാണ്; കാൎയ്യം സാധിച്ചതിന്നുശേഷം, അവനെ പിന്നെയും വിശ്വസിച്ചു പോകരുത്" (ശാന്തി) എന്നാണ് അവരെല്ലാം ഉപദേശിച്ചിരുന്നത്.

ഒരു രാജാവിനുള്ള ബന്ധുക്കളെ ഭീഷ്മർ അഞ്ചായി വിഭജിച്ചിരിക്കുന്നു. ഈ വിഭാഗത്തെയാണ് പാശ്ചാത്യന്മാരും സ്വീകരിച്ചിരിക്കുന്നതെന്ന കാൎയ്യം സ്മരണീയമാണ്. (൧) തന്റെ ഉദ്ദേശ്യം തന്നെയുള്ളവൻ (൨) തന്നോടു വളരെ അടുത്ത രാജ്യക്കാരൻ (൩) തന്നോടു രക്തബന്ധമുള്ളവൻ (൪) ദാനങ്ങളാലും ദയയാലും സ്നേഹമുണ്ടായിട്ടുള്ളവൻ (൫) ഒരു ഭാഗത്തു തന്നെയല്ലാതെ രണ്ടു ഭാഗങ്ങളിലും നില്ക്കാത്ത ഒരു സത്യവാൻ. ഇതിൽ ഒന്നാമത്തെ ബന്ധുത്വവും നാലാമത്തെ ബന്ധുത്വവും വിശ്വസനീയങ്ങളല്ല എന്നു ഭീഷ്മർ പറയുന്നു. "ഒരുവനേയും അധികം വിശ്വസിക്കരുത്. വിശ്വാസവും അവിശ്വാസവും സകലരിലും ഉണ്ടായിരിക്കേണം. നിന്റെ നാശംകൊണ്ടു ഗുണമുണ്ടാകുന്ന ശത്രുവിൽ അവിശ്വാസവും, നിന്റെ നാശത്താൽ നാശമുണ്ടാകുന്നവനിൽ വിശ്വാസവും വേണ്ടതാണ്" (ശാന്തി). ഹിന്തുക്കളുടെ ഈ പ്രമാണത്തെ അലക്സാണ്ടരുടെ കാലത്തിലും മററും നല്ലപോലെ ഉപയോഗിച്ചിട്ടുണ്ട്.

ഹിന്തുക്കൾ, യുദ്ധംചെയ്യുന്നതിൻമുമ്പെ, സമാധാനരക്ഷണത്തിനുവേണ്ടി ദൂതന്മാരെ അയയ്ക്കുക പതിവായിരുന്നു. ദൂതന്മാർ ഏററവും നിപുണതയുള്ളവരായിരിക്കേണമെന്നു സിദ്ധാന്തമുണ്ട്. "അവൎക്കു ജാതിമാഹാത്മ്യം, വാശ്ധാടി, സാമൎത്ഥ്യം, ഭംഗിയായി പറയുവാൻ ശീലം, വിശ്വാസയോഗ്യത, സ്മരണശക്തി എന്നീ പ്രധാന ഗുണങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്" (ശാന്തി) എന്നു ഭീഷ്മർ പ്രതിപാദിക്കുന്നു.

പ്രാചീനകാലത്തിലെ ഹിന്തുക്കളുടെ

യുദ്ധനിയമങ്ങൾ സഹോദരഭാവത്തിന്മേലും സൂത്രത്തിന്മേലും ആണ് സ്ഥാപിച്ചിട്ടുള്ളത്. ഇപ്പോൾ യൂറോപ്പിൽ നടക്കുന്ന ഭയങ്കരയുദ്ധത്തിൽ ജൎമ്മങ്കാർ അനേകം അക്രമങ്ങൾ ചെയ്യുന്നതായി നാം കേൾക്കുന്നുണ്ടല്ലോ. എന്നാൽ രണാങ്കണത്തിന്റെ നാനാഭാഗങ്ങളിലും ഋഷികൾ കൂടക്കൂടെ ചെന്നു പരിശോധിച്ചിരുന്നതിനാൽ ഹിന്ദുക്കളുടെ യുദ്ധത്തിൽ ഇവ വളരെ കുറച്ചുമാത്രമേ ഉണ്ടായിരുന്നുള്ളു. ഈ മഹൎഷിമാരുടെ നേരെ അതിയായ ഭക്തിബഹുമാനങ്ങളുണ്ടായിരുന്നതിനാൽ ഭടന്മാർ അവരുടെ കല്പനകളെല്ലാം അനുസരിച്ചിരുന്നു. ഋഷികൾ നിഷ്പക്ഷപാതികളാണെന്ന് എത്ര പറഞ്ഞാലും മതിയാവുന്നതല്ല. യുദ്ധം എല്ലായ്പോഴും നല്ല മനുഷ്യരെക്കാൾ അധികമായി നല്ല തത്വങ്ങളെ നശിപ്പിക്കുന്നതാണെന്നും, അതു സൃഷ്ടികൎത്താവിന്റെ ലീലകളിലൊന്നാണെന്നുമായിരുന്നു അവരുടെ പൂൎണ്ണവിശ്വാസം. സകലവും കൎമ്മാനുസാരമായി സംഭവിക്കുന്നതാണെന്നു തന്നെയാണല്ലോ ഹിന്ദുക്കൾ ഇപ്പോഴും വിശ്വസിച്ചുകൊണ്ടിരിക്കുന്നത്.

സ്വേച്ഛപോലെ കൊല്ലുന്നതു പൈശാചികവും അനാവശ്യവുമാണെന്നു ഹിന്ദുയുദ്ധശാസ്ത്രജ്ഞന്മാർ പ്രബലമായി അഭിപ്രായപ്പെട്ടിരുന്നു. ഓടിപ്പോകുന്ന ശത്രുക്കളെ അടുത്തടുത്തു പിന്തുടരുവാൻ പാടില്ല; ഇതിനു കാരണങ്ങൾ, അവർ ഒരു സമയം നേരിട്ടെതിൎക്കുമായിരിക്കുമെന്നും, തന്നെപ്പേടിച്ച് ഓടിപ്പോകുന്നവരെ നിഗ്രഹിക്കുന്നതു ധൈൎയ്യശാലികൾക്കു യുക്തമല്ലെന്നുമാകുന്നു (ശാന്തി). "രാജാവു തന്റെ ശത്രുക്കളെ കഠിനമായി നശിപ്പിക്കരുത്; തന്റെ വിജയം തീൎച്ചയായിത്തീരുവാൻ വേണ്ടെടത്തോളമേ ഭടനിഗ്രഹം ചെയ്യാവൂ. ശത്രുവിന്ന് എന്നും ഓൎമ്മവെക്കത്തക്കവണ്ണമുള്ള ദൈന്യത്തെ ഉണ്ടാക്കുന്നതായ ഉപദ്രവം ചെയ്യരുത്" (ശാന്തി) എന്നു ഭീഷ്മർ പ്രസ്താവിക്കുന്നുണ്ട്. ഇതു തന്നെയാണല്ലോ മുപ്പതു ശതാബ്ദങ്ങൾ കഴിഞ്ഞതിന്നു ശേഷം "സെൻറ് പീറ്റേർസ് ബർഗി"ൽ (St. Petersberg) വെച്ചു തീൎച്ചയാക്കിയ നിയമത്തിന്റെ സാരം.

അധൎമ്മപ്രവൃത്തികൾ ചെയ്തു രാജ്യം കൈവശമാക്കുന്നതിനെക്കാൾ ഭേദം ശത്രുവോടു നേരിട്ടു യുദ്ധംചെയ്യുന്നതാണെന്നു ഹിന്ദുക്കൾ ദൃഢമായി വിശ്വസിച്ചിരുന്നു. "അനീതിയാൽ ആൎജ്ജിച്ച വിജയം വിശ്വാസയോഗ്യമല്ലെന്നതിന്നു പുറമെ, ഇതിനാൽ വീരസ്വൎഗ്ഗം കിട്ടുകയുമില്ല" (ശാന്തി) എന്നാണ് അവർ നിസ്സംശയമായി പ്രസംഗിച്ചിരുന്നത്. ഈ വിധം അന്യായകൎമ്മങ്ങൾ ചെയ്യുന്നതിന്റെ കാരണം, "യാതൊരുവനെ ദേവന്മാർ നശിപ്പിക്കുവാൻ തീൎച്ചയാക്കുന്നുവോ, അവനെ സ്വബോധമില്ലാതാക്കിത്തീൎക്കുകയും, തന്നിമിത്തം അവൻ ഹീനപ്രവൃത്തികൾ ചെയ്യുകയും ആണ്" (ശാന്തി) എന്നാകുന്നു ഇവരുടെ അഭിപ്രായം. ബുദ്ധിക്കു മാലിന്യം ബാധിക്കുകയും, കഷ്ടപ്പാടുകൾ അണയുകയും ചെയ്യുമ്പോൾ അധൎമ്മം ധൎമ്മമാണെന്ന് ഒരുവന്റെ മനസ്സിൽ തോന്നിപ്പോകുന്നു. (ഉദ്യോഗം). ഒരു യുദ്ധത്തെ ധൎമ്മയുദ്ധമെന്നു വിളിക്കേണമെങ്കിൽ, അതു സകരുണമായും ധൎമ്മസ്ഥാപനത്തിന്നായും നടത്തേണ്ടതാകുന്നു.

(തുടരും)

മദിരാശി.

—പാട്ടത്തിൽ ബാലകൃഷ്ണമേനോൻ.

## *ഒരു സംവാദം.

പനിനീർക്കസുമത്തോടായ് ശ്ലവക്ക-
ല്ലറ ചോദിച്ചു:— "വസന്തപുഷ്പമേ, നീ
പുലർവേളയിൽ നിൻെറ മെയ് നന്നല്ലും
കളിർനീർത്തുള്ളികൾകൊണ്ടു ചെയ്യുതെന്തോ?"

പനിനീർമലരും തദാ ശവക്ക-
ല്ലറയോടിപ്പടി ചോദ്യമൊന്നു ചെയ്തു:—
"അയി, ചെയ്യുവതെന്തു സന്തതം നി-
ന്നകമേ വന്നണയും ശവങ്ങളാൽ നീ?"

പനിനീർ മലരോതി:— "പേർത്തുഷ്ടി-
പ്രദമാം പ്രേതശിലാകടീരമേ, ഞാൻ
മമ കിട്ടിയ നീർക്കണങ്ങളാൽ തേൻ.
പനിനീരെന്നിവയെച്ചമച്ചിടുന്നു."

ചൊല്ലീ ശവക്കല്ലറ:— "എന്നിലെത്തു-
മാത്മാക്കളെക്കൊണ്ടു്, ഴലാണ്ട പൂവേ,
സ്വർഗ്ഗത്തിൽ വാഴും സുരമണ്ഡലത്തെ-
സ്സൃഷ്ടിച്ചുപോരുന്നു നിരന്തരം ഞാൻ."

കുന്നംകുളം. —വള്ളത്തോൾ നാരായണമേനോൻ.

## കേരളത്തിലെ സമുദായസ്ഥിതി.

### I

ഇന്ത്യയെ ഒരു വൻകരയാണെന്നു പറയുവാനുള്ള കാരണങ്ങളിൽ ഒന്ന് അതിലെ സമുദായങ്ങളുടെ ബാഹുല്യമാണ്. ഒരു വലിയ വങ്കരയിൽ ഉള്ളിടത്തോളം ജാതിമതാചാരഭേദങ്ങൾ ഇന്ത്യയിലും ഉണ്ടെന്നാണ് ഇതിൻെറ അൎത്ഥം. ഈ ഒരവസ്ഥതന്നെയാണ് അതിൻെറ അഭിവൃദ്ധിക്കു പ്രധാനമായ ഒരു തടസ്ഥം; അതായത്, എന്തെങ്കിലും ഒരു പ്രവൃത്തി ഒത്തൊരുമിച്ചു ചെയ്യുവാൻ ഇന്ത്യക്കാരുടെ മതാദിഭേദങ്ങൾ അവരെ മതിയാംവണ്ണം അനുവദിക്കുന്നില്ല. ഇതാണ് ഇന്ത്യക്കു ഇന്നുള്ള ഒരു വലിയ ദോഷം. ഈ ദോഷം പരിഹരിക്കുവാനത്രേ പ്രസിദ്ധന്മാരായ പല മാന്യന്മാരും ശ്രമിച്ചുവരുന്നത്. ഇതുതന്നെയാകുന്നു, എല്ലാ ഉത്തമനേതാക്കന്മാരുടേയും കൎത്തവ്യകൎമ്മം.

ഈ അവതാരികയോടുകൂടി കേരളത്തിൻെറ സ്ഥിതിയെപ്പററി സ്വല്പം പൎയ്യാലോചിക്കാം. ഇവിടെയും ഭിന്നങ്ങളായ മതങ്ങളും ജാതികളും ആചാരങ്ങളും അതിൻെറ അവസ്ഥയെ അതിക്രമിച്ചു നില്ക്കുന്നുണ്ട്. എല്ലാ സമുദായക്കാരും "ഞാൻ മുമ്പു, ഞാൻ മുമ്പ്" എന്നു സ്വസ്വാവസ്ഥയെ ഉപൎയ്യുപരി കൊണ്ടുവരുവാൻ ശ്രമിക്കുന്നുണ്ട്. ഓരോ സമുദായത്തിനും പ്രത്യേകം പ്രത്യേകം മഹാസഭകളും ഉപസഭകളും പത്രങ്ങളും മാസികകളും ഉണ്ടായിട്ടുണ്ട്. എവിടെ നോക്കിയാലും "നായർ, നമ്പൂ

* ഒരു ഫ്രഞ്ചുകവിതയിൽ നിന്ന്

തിരി, ഈഴവൻ, സമുദായം" എന്നുതുടങ്ങി സാമുദായികവിഷയങ്ങളെ സംബന്ധിച്ച സംസാരിക്കുന്നവരെ മാത്രമേ കാണുന്നുള്ളു. ഇതെല്ലാം കണ്ടാൽ കേരളം ഇന്ത്യയിലെ മററു രാജ്യങ്ങൾക്ക് ഒരു മാതൃകാഭൂമിയായിരിക്കത്തക്കവണ്ണം ഉത്തമമായ ഒരു സ്ഥാനത്തെ ഉടനെ അലങ്കരിക്കുമെന്ന്, ഒരപരിചിതന്നു പ്രഥമദൃഷ്ടിയിൽ തോന്നിയേയ്ക്കാം. ഇത് അതിൻെറ വാസ്തവസ്ഥിതി തന്നെയാണോ?

ഇന്ത്യയ്ക്ക്, അതിൻെറ വ്യത്യസ്തമതാചാരങ്ങളുടെ ബാഹുല്യം നിമിത്തം ഒട്ടാകെ ബാധിക്കുന്ന ദോഷങ്ങളിൽ, കേരളം അതിൻെറ ന്യായ്യമായ ഒരു ഓഹരി മാത്രമല്ല സ്വീകരിച്ചിട്ടുള്ളത്. വിസ്താരമേറിയ ഇന്ത്യയുടെ ഈവക ദോഷങ്ങളെല്ലാം ഒന്നായി കേരളത്തിലാണോ കുടിവെച്ചിട്ടുള്ളത് എന്നു തോന്നുമാറു ഭിന്നജാതിക്കാർ തമ്മിലുള്ള മത്സരം ഇവിടെ കലശലായിട്ടുണ്ടെന്നു പറയാതെ നിവൃത്തിയില്ല. വ്യത്യസ്തമതക്കാർ തമ്മിൽ മാത്രമേ കലഹമുള്ളുവെങ്കിൽ കേരളത്തിലുള്ള മതങ്ങളുടെ എണ്ണത്തോളം മാത്രമേ വിരുദ്ധാഭിപ്രായങ്ങൾ ഉണ്ടാകുമായിരുന്നുള്ളു. നമ്പൂതിരിമാൎക്കു നായന്മാർ തങ്ങളെ ബഹുമാനിക്കുന്നതു പോരാ; നായന്മാൎക്കു നമ്പൂതിരിമാരെ വായിൽ തോന്നിയതെല്ലാം—ഭരണിപ്പാട്ടുതന്നെയായാലും വേണ്ടതില്ല— ചീത്ത പറഞ്ഞാലെ തങ്ങളുടെ യോഗ്യതയ്ക്കും പരിഷ്കാരത്തിന്നും മതിയാകയുള്ളു; ഈഴവൎക്കു ജാതിഭേദം ഇല്ലാതാകണം; ബ്രാഹ്മണരും മററും കയറിച്ചെല്ലുന്ന ബ്രഹ്മാലയങ്ങളിലും ദേവാലയങ്ങളിലും എന്നു വേണ്ട സപ്പൂദികളിലും പ്രവേശം കിട്ടുവാൻ വൈകി; ഇതെല്ലാം പെട്ടെന്ന് അനുവദിക്കുവാൻ ഒരുക്കമില്ലാത്തവരെല്ലാം അവരുടെ വിരോധികളാണ്. ഇങ്ങിനെ ഒരേ മതത്തിലുള്ള അനേകം സമുദായങ്ങൾ തമ്മിൽ എന്തെല്ലാം ലഹളകളാണ് കഴിഞ്ഞുകൂടുന്നത് എന്നുള്ളതിന്ന് ഒരവസാനവും ഇല്ല. ഈ മാതിരിതന്നെ, ഒരേ സമുദായത്തിൻെറ ഉള്ളിൽ പല അവാന്തരവിഭാഗങ്ങളും അവ തമ്മിൽ ആഭിജാത്യവഴക്കുകളും മുറയ്ക്കു നടക്കുന്നുണ്ട്. ഇങ്ങിനെ തിരിച്ചു തിരിച്ചു നോക്കുന്നതായാൽ കേരളത്തിൽ ആൎക്കും ആരോടും സൌഹാൎദ്ദത്തിന്നു വഴിയില്ലെന്നു തോന്നിപ്പോകത്തക്കവണ്ണം, അതിൻെറ സ്ഥിതി അത്ര ദയനീയമായിട്ടുണ്ടെന്നു കാണാം. ഈ വഴക്കുകളുടെ ഫലമായി ഓരോരുത്തനും മറെറവനെ ചതിപ്പാനുള്ള മാൎഗ്ഗങ്ങൾ ആലോചിക്കുന്നു. ആൎക്കും ആരിലും വിശ്വാസമില്ലാതാകുന്നു. വ്യവഹാരങ്ങൾ വൎദ്ധിക്കുന്നു. നാട്ടിൽ സമാധാനം കുറയുന്നു. കേരളം മററു രാജ്യങ്ങളുടെ ഇടയിൽ നിന്നു ദിവസംപ്രതി താഴ്ന്നു താഴ്ന്നു പോകുന്നു. അതോടുകൂടി ഉന്നതിക്കായി പരസ്പരം സ്പൎദ്ധിച്ചുകൊണ്ടിരുന്ന സമുദായങ്ങളും നാമാവശേഷങ്ങളാകുന്നു. ഈ ഫലങ്ങളെല്ലാം പൂൎണ്ണമായും അനുഭവമാകുന്നതുവരെ ഓരോരുത്തനും തൻെറ പ്രയത്നം സമുദായാഭിവൃദ്ധിക്കു പകരം അതിൻേറയും മാതൃഭൂമിയുടേയും അധഃപതനത്തിന്നാണ് കാരണമാക്കുന്നത് എന്നു അറിയുമോ ആവോ?

എല്ലാ സമുദായങ്ങളും അഭിവൃദ്ധിക്കു ശ്രമിക്കുന്നതെല്ലാം ഏകദേശം ഒരേ രീതിയിൽ തന്നെയാണ്. ഒന്നാമതായി ചില സഭകൾ സ്ഥാപിച്ച്, അവിടെ വെച്ച് അ

ന്യസമുദായക്കാരെ ആക്ഷേപിച്ച് എന്തെങ്കിലും ചില ഉപന്യാസങ്ങൾ വായിക്കുകയോ പ്രസംഗിക്കുകയോ ചെയ്യുന്നു. അതു കഴിഞ്ഞാൽ സമുദായത്തിന്റെ പേരും പറഞ്ഞ് എങ്ങിനെയെങ്കിലും കുറെ പണം ചിലരെല്ലാം കൂടി സമ്പാദിച്ച ചില പത്രങ്ങളും മാസികകളും പുറപ്പെടുവിക്കുകയായി. പരാക്ഷേപകങ്ങളായ സഭയിലെ ഉപന്യാസങ്ങളും പ്രസംഗങ്ങളുമാണ് ഇതിലെ പ്രധാനവിഷയങ്ങൾ എന്നു പറയേണ്ടതില്ലല്ലോ. ഇതുകൊണ്ടൊന്നും പോരെങ്കിൽ, ചെന്നായ ആട്ടിൻ കുട്ടിയെ കൊന്നുതിന്നുവാൻ കണ്ടുപിടിച്ചതുപോലെ, വല്ല പഴയ പൊളിക്കഥകളും പറഞ്ഞ് ഇന്നതെന്നൊന്നുമില്ലാതെ പത്രധർമ്മത്തേയും ലോകമര്യാദയേയുമെല്ലാം ബലികഴിച്ച പ്രത്യേകം ചിലരേയോ ചില സമുദായങ്ങളേയോ അടച്ചാക്ഷേപിക്കുവാൻ പുറപ്പെടുകയായി. ഈ മാതിരിയുള്ള സഭകളും പത്രങ്ങളുമെല്ലാം കേരളത്തിന്റെയോ, അവ പ്രാതിനിധ്യം വഹിക്കുന്ന സമുദായങ്ങളുടെയെങ്കിലുമോ മാനമര്യാദകളേയും ഗൌരവത്തേയും ഉന്നതിയേയും വർദ്ധിപ്പിക്കുകയോ ക്ഷയിപ്പിക്കുകയോ ചെയ്യുന്നത്? പത്രങ്ങളും സഭകളും മററും ഇങ്ങിനെ മലിനീഭവിക്കുന്നതുകൊണ്ട്, അവയുടെ പാവനങ്ങളായ ഉദ്ദേശങ്ങൾക്ക് അവ എത്ര വിപരീതമായിട്ടാണ് നടന്നുപോരുന്നത്! പൊതുജനപ്രാതിനിധ്യം വഹിച്ചുകൊണ്ടുണ്ടായിട്ടുള്ള എത്ര പത്രങ്ങളും മാസികകളുമാണ്, കക്ഷിമത്സരങ്ങളിൽ ഭാഗം പിടിച്ച സംസാരിച്ച ദുഷ്യച്ചുപോയിട്ടുള്ളതും ദുഷിച്ച പോകുന്നതും! മലയാളം എഴുതുവാനും വായിപ്പാനും അറിയാവുന്നവരെല്ലാം വൃത്താന്തപത്രങ്ങളും മററും വരുത്തി വായിക്കണമെന്നു ചിലർ ഉപദേശിക്കുന്നതു ചില നീചശബ്ദങ്ങൾ പഠിക്കുവാനോ പരാക്ഷേപപടുക്കളായി തീരുവാനോ സമുദായമത്സരങ്ങളെ കൊണ്ടാടുവാനോ ആഃണോ! കേരളഭാഷയ്ക്ക് ഈയിടെ ഉണ്ടായിട്ടുള്ള അഭിവൃദ്ധിയുടെ ഫലംതന്നെയാണോ ഇടയ്ക്കിടയ്ക്ക് ഓരോ പത്രപംക്തികളിൽ പ്രവഹിച്ചുകാണുന്നത്! വിദ്യാഭ്യാസത്തിന്റെയും പരിഷ്കാരത്തിന്റെയും പരമതത്വത്തെത്തന്നെയാണോ ഈ സാമുദായികപത്രങ്ങൾ നമുക്കു കാണിച്ചുതരുന്നത്! ദൈവമേ! ഈ മാതിരിയുള്ള വഴക്കുകളും പ്രസംഗങ്ങളും പത്രപ്രസ്താവങ്ങളുമാണ് അവയുടെ ഫലമെന്നുവെച്ചാൽ ആർക്കും വിദ്യാഭ്യാസം ചെയ്യുവാൻ തോന്നിക്കാതിരിക്കണേ! പരിഷ്കാരത്തിൽ ആഗ്രഹം ജനിപ്പിക്കരുതേ! കേരളത്തിന്ന് അതിന്റെ പൂർവ്വാവസ്ഥയെ— ആധുനികപരിഷ്കാരികൾക്ക് അതു എത്ര അപൂർണ്ണമായി തോന്നിയാലുംവേണ്ടതില്ല— തിരിച്ചു കൊടുക്കേണമേ! ഈ മാതിരി തിരസ്കാരമയങ്ങളായ പരിഷ്കാരങ്ങളൊന്നും നമുക്ക് ആവശ്യമില്ലേ, ഇല്ല!

പെരിങ്ങോട്ടുകര.

— പി. എൻ. നമ്പൂതിരി.

# * എന്റെ പുനൎവ്വിവാഹം.

(ഗോവൎദ്ധനമിശ്രന്റെ ഡയറിയിൽ നിന്ന്)

എന്റെ അച്ഛൻ എന്നെ ചെറുപ്പത്തിൽ ഇംഗ്ലീഷുവിദ്യാഭ്യാസത്തിന്നല്ല ഏല്പ്പിച്ചിട്ടത്തിയത്. അച്ഛൻ ഒരു സംസ്കൃതപണ്ഡിതനായിരുന്നതുകൊണ്ട്, എന്നേയും സംസ്കൃതം പഠിപ്പിക്കണമെന്നു നിശ്ചയിച്ചു, പ്രസിദ്ധപണ്ഡിതനായ ഭട്ടാചാൎയ്യരുടെ അടുക്കെക്കൊണ്ടുപോയാക്കി. ഈ ഭട്ടാചാൎയ്യർ അക്കാലത്തു വടക്കൻദിക്കുകളിലെങ്ങും പ്രസിദ്ധനും, സൎവ്വതന്ത്രസ്വതന്ത്രനായ ഒരു വിദ്വാനും ആയിരുന്നു. ഞാനദ്ദേഹത്തിന്റെ അടുക്കെ ആദ്യം ചില കാവ്യങ്ങളും നാടകങ്ങളുമൊക്കെപ്പഠിച്ചു. പഠിപ്പിൽ അത്യധികം ശ്രദ്ധയും ഉത്സാഹവും പ്രദൎശിപ്പിച്ചിരുന്നതിനാൽ ഗുരുനാഥന്ന് എന്റെപേരിൽ വലിയ പ്രതിപത്തിയായി. എന്റെ പാഠത്തിൽ അദ്ദേഹം പ്രബലമായി ശുഷ്കാന്തി വെച്ചുവന്നു. ക്രമത്തിൽ വ്യാകരണം, അലങ്കാരം, തൎക്കം മുതലായ ശാസ്ത്രങ്ങൾ വായിച്ചുതുടങ്ങി. ഭട്ടാചാൎയ്യരുടെ അനുഗ്രഹത്താൽ എന്റെ വിദ്യാഭ്യാസം ഒരുവിധം തൃപ്തിപ്പെടത്തക്കതായിരുന്നു. അല്പകാലംകൊണ്ടു ഞാൻ കാവ്യനാടകാലങ്കാരാദികളിൽ പ്രശംസനീയമായ വ്യുൽപ്പത്തി സമ്പാദിച്ചു. ഗുരുനാഥന്റെ അനുമതിയോടുകൂടി പതിനെട്ടാമത്തെ വയസ്സിൽ വിദ്യാഭ്യാസം മതിയാക്കി സ്വദേശത്തെയ്ക്കുതന്നെ പോന്നു.

വിദ്യാഭ്യാസംമതിയാക്കി ഗൃഹത്തിൽ വന്നതിന്റെ ശേഷം എനിക്കു വൎത്തമാനപത്രങ്ങളിലെയ്ക്കു ലേഖനമെഴുതുന്നതിൽ വലിയ കമ്പമായിത്തീൎന്നു. ഇന്ദുകാന്തഭട്ടാരകദീക്ഷിതരവർകൾ നടത്തിയിരുന്ന "സിദ്ധാന്തചന്ദ്രിക" എന്ന പത്രത്തിലേയ്ക്കു സ്ഥിരമായി ലേഖനങ്ങളെഴുതിത്തുടങ്ങി. പലേ പുസ്തകങ്ങളും വായിച്ചു ശ്രദ്ധയോടെ എഴുതിയിരുന്ന എന്റെ ലേഖനങ്ങളെല്ലാം സാരഭൂയിഷ്ഠങ്ങളായിരുന്നു; തന്നിമിത്തം പത്രാധിപരെന്നിൽ വലിയ സ്നേഹമായി. സാഹിത്യസംബന്ധമായി അന്യോന്യം പലേ എഴുത്തുകുത്തുകളും നടന്നുകൊണ്ടിരുന്നു. ഉപന്യാസനിൎമ്മാണത്തിൽ തഴക്കവും പഴക്കവും സമ്പാദിച്ച ഞാൻ ഒരുവിധം നല്ല ലേഖകൻ എന്ന പേരിന്നൎഹനായിത്തീൎന്നു. സാഹിത്യരസികന്മാരോടുകൂട് എന്റെ ലേഖനങ്ങളെ സശിരഃകമ്പം പ്രശംസിച്ചിരുന്നു. സാഹിത്യക്കളരിയിൽ പയററിയ ചെറുയോദ്ധാവായ എന്റെ വിജയത്തെപ്പററിക്കൊണ്ടാടാത്തവർ അനുപത്രസ്ഥത്തുകളിലാരും തന്നെ ഉണ്ടായിരുന്നില്ല. എന്തിനധികം, 'സിദ്ധാന്തചന്ദ്രിക'യോടൊപ്പം എന്റെ കീൎത്തിചന്ദ്രികയും ദിക്കൊക്കെ സഞ്ചരിച്ചു

---

* ഒരു സംസ്കൃതലേഖനത്തിന്റെ ഏകദേശതൎജ്ജമ.

പ്രതിക്ഷണം വൎദ്ധിച്ചുവന്നു.

എനിക്കു വയസ്സിരുപതായി. യൌവനം എന്നെ ഗൃഹസ്ഥാശ്രമത്തിലേക്കു ക്ഷണിച്ചുതുടങ്ങി. അച്ഛൻ എനിക്കനുരൂപയായ വധുവിനെ തേടിത്തിരഞ്ഞു വിഷമിച്ചു. ഒരു സഹൃദയനായ എന്റെ ഭാൎയ്യയായിരിക്കത്തക്ക പഠിപ്പും യോഗ്യതയും തികഞ്ഞ കന്യകകൾ അക്കാലത്ത് അവിടങ്ങളിൽ ദുൎല്ലഭംതന്നെയാണെന്നു പറയാം. അച്ഛനും ഗുരുനാഥനും കൂടിയാലോചിച്ചു ബങ്കാളത്തിലെങ്ങും സുപ്രസിദ്ധനായ സത്യകാന്തഭട്ടാരകദീക്ഷിതരുടെ മകൾ "സരോജിനി" എന്ന കന്യയെ എനിക്കു ഭാൎയ്യയായി തിരഞ്ഞെടുത്തു. ഇതിൽ ഗുരുനാഥനാണ് മുൻകടന്നുത്സാഹിച്ചതെന്നു കൂടി പറഞ്ഞുകൊള്ളട്ടെ. പറയത്തക്ക വിദ്യാഭ്യാസമൊന്നുമില്ലെങ്കിലും, സൌഭാഗ്യം, സൌശീല്യം, കുലീനത മുതലായ ഗുണഗണങ്ങളാൽ "സരോജിനി" എനിക്കനുരൂപയാണെന്നു പലരും പറയുന്നതു ഞാൻ തന്നെ കേട്ടിട്ടുണ്ട്. ഏറെ താമസിയാതെ അടുത്ത ഒരു ശുഭമുഹൂൎത്തത്തിൽ വിവാഹം സാഘോഷമായി നടത്തപ്പെട്ടു. സരോജിനിയെ കണ്ടപ്പോൾ നാട്ടുകാർ പറയുന്നത് ഏതാണ്ടു യഥാൎത്ഥമാണെന്ന് എനിക്കും തോന്നി. ശൈശവസാമ്രാജ്യത്തിൽ മഹാരാജ്ഞീപദമലങ്കരിച്ചിരുന്ന "സരോജിനി" എന്റെ മാനസഭൃംഗത്തിനൊരു സരോജിനി തന്നെയായിരുന്നു.

വിവാഹത്തിനുശേഷം എന്റെ താമസം വിരാടത്തിലും, ഭാൎയ്യയുടെ താമസം ബങ്കാളത്തിലുമാണ്. വിവാഹിതയായിട്ടും വധു പിതൃഗൃഹത്തിൽ തന്നെയാണ് താമസിച്ചിരുന്നത്. ശൈശവവിവാഹത്തിന്റെ പ്രത്യക്ഷഫലങ്ങളിൽ ഒന്നാണല്ലോ ഇത്! എത്രതന്നെ ആഗ്രഹിച്ചിട്ടും എനിക്കു സരോജിനിയെ ഒരു നോക്കു കാണ്മാൻ സാധിച്ചിരുന്നില്ല. വിനോദത്തിനുവേണ്ടി "സിദ്ധാന്തചന്ദ്രിക"യെത്തന്നെ നിരന്തരം ആശ്രയിച്ചുപോന്നു. വിരഹികൾക്കു ചന്ദ്രിക ഉൽക്കണ്ഠാജനകമാണെങ്കിലും, സഹൃദയനും കവിയുമായിരുന്ന എന്നെ സംബന്ധിച്ചേടത്തോളം അതു വിനോദോപായമായിട്ടുതന്നെയാണ് പരിണമിച്ചത്. ചില സമയങ്ങളിൽ നല്ല കവിതകൾ വായിച്ചും ഉൽക്കണ്ഠയെ ശമിപ്പിച്ചുപോന്നു. ഭാൎയ്യ അനഭിജ്ഞയാണെന്നു വന്നപ്പോൾ എന്റെ സാഹിത്യപരിശ്രമം നിഷ്ഫലമാണെന്നു തോന്നിത്തുടങ്ങി; അതോടുകൂടി എനിക്കു സ്ത്രീവിദ്യാഭ്യാസത്തിൽ ഒരു പുച്ഛമാണ് ജനിച്ചത്. തന്റേതല്ലാത്തതിൽ അപരാഗം ജനിക്കുന്നതു സാധാരണമാണല്ലോ. തന്റേതു നല്ലതാണെന്നു വിചാരിക്കുന്നതും ഒട്ടും അപ്രകൃതമല്ല. എന്റെ ഭാൎയ്യ വിദ്യാഭ്യാസവിഹീനയായതുകൊണ്ടു സ്ത്രീവിദ്യാഭ്യാസം നിന്ദ്യമാണെന്നു ഞാൻ 'സിദ്ധാന്തചന്ദ്രികയിൽ പലകുറിയും പ്രബലമായുപന്യസിച്ചു.

പത്രരംഗത്തിൽ കയറി അരങ്ങേറ്റം കഴിച്ച തിയ്യതി മുതൽക്ക് ഇന്നേവരെ എനിക്കൊരു പ്രതിദ്വന്ദ്വിയുണ്ടായിട്ടില്ല. ഇപ്പോൾ, അതാ, ഇദംപ്രഥമമായി ഒരബല എന്നെ സാഹിത്യപ്പോരിനു വിളിക്കുന്നു! വിദുഷിയായ അവളുടെ പേർ "നന്ദിനി" എന്നാണ്. ചെറുപ്പത്തിലെ

ചോരത്തിളപ്പു നിമിത്തം, പോരിനു വിളിച്ചത് അമ്പലയാണെങ്കിലും ഞാനൊട്ടും പിന്നോക്കമൊഴിച്ചില്ല. ശരിയായി കളരിയിൽ പയററി അഭ്യാസദാർഢ്യം വരുത്തിയ എനിക്കു നന്ദിനിയും തൃണവും തുല്യമായിത്തോന്നി. എൻെറ ലേഖനങ്ങൾക്കു മറുത്തെഴുതിയ നന്ദിനിയുടെ ലേഖനങ്ങളെ മുഴുവൻ പ്രത്യസ്ത്രം തൊടുത്തു ഖണ്ഡിച്ചു. അമ്പലയാണെങ്കിലും നന്ദിനിയൊട്ടും ഒഴിക്കുന്ന വകയല്ല. ലേശവും പതറാതെ അവളും എഴുതിക്കൊണ്ടിരുന്നു. "പരിഷ്കൃതവും, പരിശുദ്ധവുമായ വിജ്ഞാനം സിദ്ധിക്കാതെ, ഉൽകൃഷ്ടവിദ്യാഭ്യാസം ലഭിച്ചവരാണെന്നു നടിക്കുന്ന പുരുഷന്മാർ ദുരഭിമാനംകൊണ്ടും, അസൂയയാലുമാണ് സ്ത്രീവിദ്യാഭ്യാസത്തെ പഴിക്കയും പരിഹസിക്കയും ചെയ്യുന്നതെ"ന്നും മററുമായി അവൾ പുരുഷവർഗ്ഗത്തെ അടച്ചു പരുഷമായാക്ഷേപിച്ചുതുടങ്ങി. ഞാനൊട്ടും കുറഞ്ഞില്ല. ചന്ദ്രികയുടെ ഒരു ഭാഗത്തു പുരുഷന്മാരെ നിന്ദിച്ചു നന്ദിനിയും, ഒരു ഭാഗത്തു സ്ത്രീവർഗ്ഗത്തെ ദുഷിച്ചു ഞാനും കടന്നുകൂടി. കൊല്ലം ഒന്നു കഴിഞ്ഞു. ഇനിയും ഞങ്ങളുടെ വാദപ്രതിവാദം നിലച്ചിട്ടില്ല. ഒരു തവണ ഞാൻ സ്ത്രീകളെ ദുഷിക്കുന്ന കൂട്ടത്തിൽ ഇത്രയും ഉപന്യസിച്ചിരുന്നു:— "സ്ത്രീവിദ്യാഭ്യാസം കുറേശ്ശെ നടപ്പിലിരിക്കുന്നതുകൊണ്ടാണ്, സ്ത്രീകളിൽ ചിലരിങ്ങിനെ ദുഷിച്ചുപോകുന്നത്. "ന സ്ത്രീ സ്വാതന്ത്ര്യമർഹതി" എന്നതെല്ലാം പണ്ടായിരുന്നു. ഇപ്പോൾ അത് ഏട്ടിൽമാത്രമേയുള്ളു. ഇവർക്കല്പമൊക്കെ അറിവാൻ സാധിച്ചാൽപ്പിന്നെ പാണ്ഡിത്യത്തിലുള്ള ദുരഭിമാനത്തിന്നൊരു കയ്യും കണക്കുമില്ല. 'മൃച്ഛകടിക'ത്തിലെ വിദൂഷകൻ പറഞ്ഞതുപോലെ, സ്ത്രീകൾ സംസ്കൃതം പഠിക്കുന്നതു കാണുമ്പോഴാണ് എനിക്കു വല്ലാതെ ചിരി വരുന്നത്. സംസ്കൃതം സംസാരിക്കുന്ന സ്ത്രീയും, മൂക്കുകുത്തിക്കയററിട്ട കടിഞ്ഞിൽപ്പശുവും ഒരുപോലെയായിട്ടാണ് എനിക്കു തോന്നീട്ടുള്ളത്." ഇത്രയും പറഞ്ഞപ്പോഴെയ്ക്കു നന്ദിനിയുടെ മട്ടാകെയൊന്നു മാറി. അടുത്ത ലക്കത്തിൽത്തന്നെ, അതാ, അവൾ ചൊടിച്ചെഴുതുന്നു! "ആം, ഇതെന്തൊരതിക്രമം? മഹതികളായ മഹിളാമണികളുടെ മഹിതമായ മാഹാത്മ്യത്തിന്നു മാലിന്യം വരുത്താൻ ഇങ്ങിനെ നിർല്ലജ്ജം അപലപിക്കുന്നുവല്ലോ? ആവട്ടെ, തരക്കേടില്ല; ഈ നന്ദിനിയെ, "ന കേവലാനാം പയസാം പ്രസൂതിമവേഹി മാം കാമദുഘാം പ്രസന്നാം" എന്നുതന്നെ കരുതിക്കൊള്ളണം. എന്താ, വിദൂഷകൻ പറഞ്ഞതിൻെറ അവശിഷ്ടം മറന്നുപോയോ? ഞാൻ പറഞ്ഞുതരാം: പുരുഷൻ വീണ വായിക്കയും പാട്ടുപാടുകയും ചെയ്യുന്നതു കാണുമ്പൊഴാണ് എനിക്കു വല്ലാതെ പുച്ഛം തോന്നുന്നത്. പാട്ടുപാടുന്ന പുരുഷനും ഉണക്കപ്പൂമാല കഴുത്തിലിട്ടു മന്ത്രമുച്ചരിക്കുന്ന വൃദ്ധപുരോഹിതനും ഒരുപോലെയാണ്." ഇങ്ങിനെയെഴുതി നന്ദിനി എന്നെ കണക്കിലധികം അധിക്ഷേപിച്ചു.

ഞങ്ങളുടെ വാദപ്രതിവാദത്തിൻെറ പര്യവസാനം ഇങ്ങിനെയാണ്. നന്ദിനിക്കു സിദ്ധിച്ച താദൃശമായ മനഃപരിഷ്കാരവും വിജ്ഞാനവുമോർത്തപ്പോൾ, ശത്രുപക്ഷത്തിലുള്ള എനിക്കുപോലും വലിയ വിസ്മയവും ബഹുമതിയും ജനിച്ചു. ചന്ദ്രി

കാപത്രാധിപർ എൻെറ സ്നേഹിതനാണെങ്കിലും, ഇക്കാൎയ്യത്തിൽ നന്ദിനിയുടെ ഭാഗത്താണ് നിന്നത്. ഈ യുദ്ധത്തിൽ വിജയം നേടിയതു നന്ദിനിയാണെന്നു പറഞ്ഞു, പത്രാധിപരവർകൾ സ്ത്രീവിദ്യാഭ്യാസം ശുഭോദൎക്കമായി പരിണമിക്കുമെന്നതിലേക്കു നന്ദിനിയെത്തന്നെ ദൃഷ്ടാന്തമാക്കി ഒരുപാടു പ്രശംസിച്ചെഴുതിയിരുന്നു.

ഇതേവരെയും ഒരു ദിക്കിൽനിന്നും പരാജയം നേരിടാതെ നല്ല വിലയും നിലയും നേടിയ ഞാൻ ഇപ്പോളിതാ, ഒരബലയോടു പിടിച്ചു തീരെ തോറ്റുപോയിരിക്കുന്നു! ആകപ്പാടെ എൻെറ കാൎയ്യം 'എടുപ്പാനും കൊടുപ്പാനും ഇല്ലാതായി'. പറ്റിപ്പോയ പരാജയവും പരിവാദവും ഓൎത്തോൎത്ത് എനിക്കു വലിയ വെറുപ്പും വ്യസനവും ലജ്ജയുമായി. നന്ദിനിയോടുള്ള വെറുപ്പുമൂലം സ്ത്രീലോകത്തിലാകെ പ്രദ്വേഷം തോന്നി. അതു സരോജിനിയിൽ ഉണ്ടായിരുന്ന അനുരാഗത്തെയും ഒന്നിളക്കിമറിക്കാതിരുന്നില്ല. അക്കാലത്ത് എനിക്ക് ഏതൊരു ദശയാണോ അത്യന്തദുസ്സഹമായി തോന്നിയിരുന്നത്; നിരങ്കുശമായ ദൈവം ആ ദശയെത്തന്നെ എത്തിച്ചു. സരോജിനിയുടെ "ഋതുശാന്തിമുഹൂൎത്തം" സമീപിച്ചു. ആ സന്ദൎഭത്തിൽ പൌരോഹിത്യം വഹിച്ചത് എൻെറ ആചാൎയ്യൻ തന്നെയാണ്. ഞാൻ നന്ദിനിയോടു തോറ്റ സംഗതി വടക്കൻദിക്കുകളിൽ മുഴുവൻ പ്രസിദ്ധമായിരുന്നതുകൊണ്ട്, ആചാൎയ്യൻെറ മുഖത്തു നോക്കാൻ പോലും ഞാൻ ലജ്ജിതനായിത്തീൎന്നു. അദ്ദേഹമാവട്ടെ, ഒന്നും അറിയാത്ത ഭാവത്തിൽ, ശാന്തിമുഹൂൎത്തത്തിന്നു വേണ്ട കൎമ്മങ്ങളെല്ലാം നിൎവ്വഹിച്ചു. ഋതുശാന്തി കഴിഞ്ഞതിൻെറ ശേഷം, ഗുരുകല്പനയാൽ വധുവിനോടുകൂടി ഞാൻ ഗൃഹത്തിലേക്കു പുറപ്പെട്ടു.

സരോജിനിയോടുകൂടി ഗൃഹത്തിലേക്കു മടങ്ങി വന്ന എനിക്കു ലോകമാകപ്പാടെ ഒന്നു പുത്തനായി തോന്നി, നന്ദിനിക്കേസ്സൊക്കെ സ്മരണയിൽ നിന്നു മാഞ്ഞു. നവയൌവനാവസ്ഥയിലിരുന്ന സരോജിനി, ബാലാരുണകിരണങ്ങളേറ്റുല്ലസിച്ച സരോജിനിയെപ്പോലെ, എൻെറ കണ്ണുകൾക്കു കൌതുകം വളൎത്തി. ലജ്ജാവിവശയായ ഭാൎയ്യയോടു സമേതനായ എനിക്ക് അന്നത്തെ ദിവസങ്ങളിൽ മഹോത്സവം തന്നെയായിരുന്നു. "ദൃഷ്ടം ദൃഷ്ടിമധോ ദദാതി കുരുതേ നാലാപമാഭാഷിതാ ശയ്യായാം പരിവൃത്യ തിഷ്ഠതി ബലാദാലിംഗിതാ വേപതേ" എന്ന നിലയിലുള്ള സരോജിനിയെ എത്രതന്നെ നുകൎന്നിട്ടും എൻെറ നേത്രങ്ങൾക്കു തൃപ്തിവന്നില്ല.

"അനൂനോപമാകാരമിതാനനാബ്ജമോ?
വിനോദിതാങ്കം വിധുവിൻെറ ബിംബമോ?
മനോജ്ഞമിക്കാണ്മവ പോൎകുചങ്ങളോ,
മനോജമംഗല്യമണിക്കുടങ്ങളോ?"

എന്ന മഹാകവിയുടെ പദ്യം എനിക്കു പാട്ടായിത്തീൎന്നു. ഒരു സഹൃദയനായിരുന്നതുകൊണ്ടു, നല്ല കവിതകൾ പലതും എനിക്കു മുഖപാഠമായിരുന്നു. ഞാനത് ഇടയ്ക്കിടക്കു സരോജിനിയുടെ അടുക്കലും പ്രയോഗിക്കാതിരുന്നില്ല. പക്ഷെ, "പോത്തിൻെറ ചെവിയിൽ വീണ വായിക്കുന്ന"തുപോലെയാണ് അതു പരിണമിച്ചത്. ഞാൻ ശ്ലോകങ്ങൾ ചൊല്ലുമ്പോഴൊക്കെ

യും, അവൾ സഹജമായ ലജ്ജവിട്ടു പരിഹാസപൂർവ്വകം എന്നെ നോക്കി ചിരിക്കുപതിവായിരുന്നു. എനിക്കതും അപ്പോൾ രസം തന്നെ. അനഭിജ്ഞയായ അവൾക്കുണ്ടോ അവയുടെ രസമറിവാൻ സാധിക്കുന്നു? എന്തായാലും അവളിൽ എനിക്കു പ്രതിദിനം പ്രേമം വർദ്ധിച്ചുതന്നെ വന്നു. ഒരു നിമിഷമെങ്കിലും സരോജിനിയെ പിരിഞ്ഞിരിക്കുവഹിയാതായി. അവൾക്ക് എന്റെ പേരിലും വലിയ സ്നേഹമാണ്. ഇരുവർക്കും ഇരുവരുമില്ലാതെ ഒരു കാര്യവുമില്ല. കാണക്കാണെ അവളുടെ യൌവനം പ്രൌഢാവസ്ഥയിലെത്തി. അക്കാലത്താവട്ടെ,

"പൊന്നീരാളം പൊതിഞ്ഞീടിന ചെറുകനക-
ച്ചെപ്പിനൊത്തും മിനുത്തും
നിന്നീടുമ്പോഴുമമ്പോ! മലർശരശരമേ-
ല്ക്കാതൊരാണുങ്ങളില്ലേ!
ഇന്നി മട്ടാണു; മേലാൽ തവ മുല മല പോ-
ലൊട്ടു മുത്തും മുഴുത്തും
വന്നീടുന്നാളിലെന്തോ കഥ! വലരിപു താ-
നന്നു താഴത്തിറങ്ങും."

എന്നു ഞാൻ സരോജിനിയോടു പറയാത്ത ദിവസമില്ല. ആകപ്പാടെ ഞാൻ സരോജിനീഭ്രാന്തനായിത്തീർന്നുവെന്നു പറഞ്ഞാൽ കഴിഞ്ഞുവല്ലോ. സൌന്ദര്യം, സൌശീല്യം മുതലായ ഗുണങ്ങളുടെ വിളനിലമായ സരോജിനിയുടെ സമാഗമത്താൽ നവദാമ്പത്യം എനിക്കു സാക്ഷാൽ മോക്ഷമായിത്തന്നെ തോന്നി.

സരോജിനിയുടെ കാര്യത്തിൽ ഒരു ന്യൂനത മാത്രമേയുള്ളു. അതു മറെറാന്നുമല്ല; രൂപലാവണ്യവതിയായ അവൾക്കു "ഭാവത്തിൽത്തെളിവാൻ ഭാരതി വശത്തി"ല്ലാത്തതു തന്നെ. ഒരു സരസനും സഹൃദയനും ആയ എനിക്കു തീരെ അനഭിജ്ഞയായ ഭാര്യയുടെ ലാഭം ഒരു ഗണ്യമായ വൈകല്യം തന്നെയാണ്. സരോജിനിയാവട്ടെ നിരതിശയമായ രാഗത്താൽ എന്റെ മനം കവർന്നിരിക്കുന്നു. ഞാൻ "പ്രകാശശ്ചാപ്രകാശശ്ച ലോകാലോക ഇവാചലഃ" എന്ന മട്ടിലായി. ഞാനിടയ്ക്കു വിചാരിക്കാറുണ്ട്, "സരോജിനിയെ എന്റെ ശിഷ്യയാക്കി കുറെ പഠിപ്പിച്ചാലെന്താണ് വിരോധം? പക്ഷെ അതു സദാചാരത്തിന്നു വിരുദ്ധവും നാട്ടുനടപ്പിന്നു പററാത്തതുമാണ്." നാട്ടുകാരെ ഭയപ്പെട്ട് എന്റെ ആവക മനോരഥങ്ങളെല്ലാം ആദ്യം എന്നിൽത്തന്നെ ലയിക്കയാണ് ചെയ്തത്. വീണ്ടും ഇടക്കിടയ്ക്കു ഞാനിതിനെപ്പററി ആലോചിക്കാതിരുന്നില്ല. സരോജിനിയിലുള്ള പ്രേമാതിരേകംനിമിത്തം ഒടുവിൽ, "വരുന്നതു വരട്ടെ" എന്നു കരുതി അവളെ പഠിപ്പിപ്പാൻ നിശ്ചയിച്ചു. സരോജിനിയാവട്ടെ അതിലത്ര ആദരം കാണിച്ചില്ലെങ്കിലും, തീരെ നിഷേധിച്ചതുമില്ല. ആദ്യം "അകാരാന്തഃ പുല്ലിംഗഃ രാമഃ—രാമൌ രാമാഃ" എന്നു പഠിപ്പിപ്പാൻ തുടങ്ങി. രണ്ടുമൂന്നുദിവസം കഴിഞ്ഞപ്പോൾ അവൾ നെററി ചുളിച്ച് എന്റെ നേർക്കു കടക്കണ്ണുകൊണ്ടേറു തുടങ്ങി. അല്പദിവസങ്ങൾക്കുള്ളിൽ, അവൾക്കെന്റെ പേരിൽ കുറെശ്ശെ നീരസം ജനിച്ചുകണ്ടു. എന്നു തന്നെയല്ല പാഠസമയമായാൽ സരോജിനി ആ ദിക്കോട്ടു കൂടിയില്ല! വല്ലപ്പോഴും കണ്ടെത്തിയാൽത്തന്നെ, വിലാസങ്ങളും തീക്ഷ്ണമായ കടാക്ഷവിക്ഷേപങ്ങളുമായി. അവയാൽ മതിമറന്ന എനിക്ക് അവളോട് അഹിതം പറവാനും വയ്യ; പ്ര

ം എന്ന വാക്ക പോലും അവൾക്ക കേട്ടുകൂടാതായി. പഠിപ്പിച്ച പഠിപ്പിച്ചൊടുവിൽ ഭാൎയ്യയെ ഒരു നോക്കുകാണ്മാൻ കൂടി പ്രയാസമായിട്ടാണ് കലാശിച്ചത്! പഠിപ്പിക്കാൻ പുറപ്പെട്ട എനിക്കും മടുപ്പു തുടങ്ങി, വീണ്ടും സ്ത്രീവിദ്യാഭ്യാസത്തെപ്പററിയുള്ള ഓൎമ്മ വന്നു. ഇപ്പോൾ സ്ത്രീവിദ്യാഭ്യാസം അത്യാവശ്യകമാണെന്നത്രേ എനിക്കു തോന്നിയത്. സരോജിനിയോടുകൂടി വിഹരിച്ചിരിക്കയാൽ, ഇക്കാലത്തു "സിദ്ധാന്തചന്ദ്രിക"യുടെ കഥതന്നെ മറന്നിരിക്കുന്നു. ആവശ്യം നേരിട്ടപ്പോൾ ഓൎമ്മിച്ചു. "കാൎയ്യകാലേ സ്മരിക്ക" എന്നത് അസാധാരണമല്ലല്ലോ. സരോജിനി നിമിത്തമായിട്ട് ആദ്യം സ്ത്രീവിദ്യാഭ്യാസം പാടില്ലെന്നു പറഞ്ഞു ദൂഷിച്ചിരുന്ന ഞാൻ, ഇപ്പൊൾ സരോജിനി നിമിത്തമായിട്ടുതന്നെ മറിച്ചും പറഞ്ഞുതുടങ്ങി. സ്ത്രീവിദ്യാഭ്യാസത്തിന്റെ ആവശ്യകതയെപ്പററി ഞാൻ ചില ലേഖനങ്ങളെഴുതി. "സ്ത്രീവിദ്യാഭ്യാസം ഒരിക്കലും ഒഴിച്ചുകൂടാവുന്ന ഒന്നല്ല. ഉൽകൃഷ്ടവിദ്യാഭ്യാസം സിദ്ധിച്ച പുരുഷന്മാൎക്ക വിദ്യാഭ്യാസവിഹീനകളായ സ്ത്രീകളെ ഭാൎയ്യമാരായികിട്ടുന്നതിലധികം പ്രാണസങ്കടം മറെറാന്നില്ല. പുരുഷന്മാരുടെ യോഗ്യതകൊണ്ടോ പഠിപ്പുകൊണ്ടോ അറിവുകൊണ്ടോ യാതൊരു പ്രയോജനവുമില്ല. പണ്ടു സ്ത്രീവിദ്യാഭ്യാസത്തെ ദൂഷിക്കയും നിഷേധിക്കയുംചെയ്ത ഞാൻ തന്നെ, ഇപ്പൊൾ അത് അത്യാവശ്യകമാണെന്നു പറഞ്ഞു പ്രശംസിക്കുന്നതു കാണുമ്പോൾ പലരും പലവിധം വിചാരിക്കുമായിരിക്കാം. എന്നാൽ ഈ സംഗതിയെ സംബന്ധിച്ചേടത്തോളം ഞാൻ തെററുകാരനല്ല: "ക്ഷണപരിവൎത്തിനോ ഹി ഭാവാഃ ഋതേ ചിതിശക്തേഃ" എന്നല്ലേ പൂജ്യനായ കപിലാചാൎയ്യരരുളിച്ചെയ്തിട്ടുള്ളത്? ഏതു പദാൎത്ഥത്തിന്റെയും സ്വഭാവം പ്രതിക്ഷണം മാറിക്കൊണ്ടിരിക്കുന്നു. ആ സ്ഥിതിക്കു ഞാനിപ്പോൾ ഇങ്ങിനെയും അഭിപ്രായപ്പെട്ടതിൽ അത്ഭുതപ്പെടാനില്ലല്ലോ" എന്നിത്രയും പ്രസ്താവിച്ചിരുന്നു.

അപ്പോഴേയ്ക്കുതാ, പണ്ടത്തെ നവീന തിരശ്ശീല നീക്കി പത്രരംഗത്തിൽ പ്രവേശിക്കുന്നു. നന്ദിനി പേനയെടുത്തപ്പോൾ ഞാനെന്റെ തൂലികയെ പ്രതിസംഹരിച്ചു. അവളുടെ പേനയ്ക്കു മുമ്പെത്തതിൽ പതിന്മടങ്ങു മൂൎച്ച കൂടിയിരിക്കുന്നു. നന്ദിനിയുടെ പരുഷമായ ഗദ്യത്തിന്റെ നിഴലാട്ടമായിരുന്ന ഉപന്യാസങ്ങളിലെ ഒന്നുരണ്ടു വരികളെങ്കിലും ഇവിടെ പകൎക്കാതിരിപ്പാൻ മനസ്സു വരുന്നില്ല. "ഹാ! ഇതാണ് ധൈൎയ്യം! ഇതാണ് പൌരുഷം! അന്നങ്ങിനെയൊക്കെ കൊട്ടിഘോഷിച്ചിട്ട് ഇപ്പോൾ ഇങ്ങിനെ നേരേ മറിച്ചും പറഞ്ഞതു പൌരുഷത്തിന്നുചിതംതന്നെ. എന്തായാലും ഞാൻ വിചാരിക്കുന്നതിങ്ങിനെയാണ്... സ്ത്രീവിദ്യാഭ്യാസത്തെ ആക്ഷേപിച്ചുപന്യസിച്ചപ്പോൾ, നമ്മുടെ ലേഖകന്നു ഭാൎയ്യയുണ്ടായിരുന്നില്ല; അതുകൊണ്ടാണ് അന്നങ്ങിനെ പത്രലോകത്തിൽ കയറി പരുഷമായി പരാക്രമം കാണിച്ചത്. ദൈവമല്ലേ ആള്! ഇപ്പോൾ മൂപ്പൎക്കൊരു ഭാൎയ്യയെക്കിട്ടീട്ടുള്ളൂ, വിദ്യാഭ്യാസമുള്ള ഷിക്കിലെസ്സു പോലും തിരിഞ്ഞുനോക്കിയിട്ടുണ്ടാകയില്ല. ഇപ്പോൾ മാത്രമേ, ലേഖകന്നു സ്ത്രീവിദ്യാഭ്യാസമില്ലാഞ്ഞാലുണ്ടാകാവുന്ന ഫലം അറിവാൻ സാധിച്ചിട്ടുള്ളൂ.

വാക്കമാറിപ്പറയുന്ന വിദ്യാഭ്യാസമുള്ള പുരുഷനെക്കാൾ, വിദ്യാഭ്യാസം തീരെയില്ലാത്ത സ്ത്രീ എത്രയോ ഭേദമാണ്! നമ്മുടെ ധീരപുരുഷൻെറ വീര്യവും, ശൌര്യവും, ധൈര്യവും, സ്ഥൈര്യവുമൊക്കെ ഇപ്പോളെവിടെയാണ്? ഹാ! അന്നെന്തൊരു ധീരനായിരുന്നു! എന്തൊരു ധാടിയും പ്രൌഢിയുമായിരുന്നു! എനിയ്ക്കിതെല്ലാം കാണുമ്പോൾ പ്രസ്തുത ലേഖകൻെറ പേരിൽ പരിഹാസത്തെക്കാളധികം അനുകമ്പയാണ് തോന്നുന്നത്. അല്ല; ഇനിയും അദ്ദേഹം പണ്ടത്തെപ്പോലെ വാക്കമാറുകയാണെന്നു വരട്ടെ! എന്നാൽ ഞാനൊന്നും പറഞ്ഞിട്ടുമില്ല, പത്രബന്ധുക്കളൊന്നും കേട്ടിട്ടുമില്ല.”

ഹാ! നന്ദിനിയുടെ ഈ ലേഖനം കണ്ടപ്പോൾ എനിക്കുണ്ടായ വികാരത്തെപ്പററി ഞാൻ പറഞ്ഞറിയിക്കുന്നതിൽ ഭേദം, വായനക്കാർ സ്വയം ഊഹിച്ചറികയാണ്. ഹാ! ഞാനൊരു സ്ത്രീയ്ക്കു ദയനീയനായിത്തീർന്നില്ലേ? ഏറിയകാലം സാഹിത്യസാഗരത്തിൽ മുഴുകിക്കിടന്നതിൻെറ ഫലം ഇങ്ങിനെയല്ലേ കലാശിച്ചത്? എന്നിങ്ങിനെ പലേ വിചാരങ്ങളാലും ഞാൻ സ്നാനപാനാദികളിൽപോലും തീരെ വിരക്തനായി. സരോജിനിനിമിത്തമായിട്ടാണ് ഇങ്ങിനെ രണ്ടുതവണയും ഞാൻ പരാജിതനായതെന്നു തോന്നിയപ്പോൾ, അവളുടെ പേരിലും എനിക്കു ബഹു വെറുപ്പായി. എൻെറ പരാജയത്തിന്നും മാനഭംഗത്തിന്നും ഹേതുഭൂതയായ അവളെ പലവുരു മനസ്സുകൊണ്ടു ശപിച്ചു. ക്രമേണ എനിക്കു സരോജിനിയെ കാണുന്നതുപോലും ദുസ്സഹമായിത്തീർന്നു. “യ ഏവ മേ ജനഃ പൂർവ്വമാസീന്മൂർത്തോ മഹോത്സവഃ ക്ഷതേ ക്ഷാരമിവാസഹ്യം ജാതം തസ്യൈവ ദർശനം” എന്ന കണക്കിലായി. സരോജിനിയായുള്ള കൂട്ടുകെട്ടു വിടാൻവേണ്ടി സ്വഗൃഹത്തിൽനിന്നു പാർപ്പു മാററി, എൻെറ സ്നേഹിതനായ കമലാകരഭട്ടൻെറ വീട്ടിൽപ്പാർപ്പാക്കി. എന്നിട്ടും എൻെറ മനസ്സു സ്വസ്ഥമായില്ല. ഒരു വിദുഷിയായ ഭാര്യയെ സമ്പാദിച്ചേ ഇനി മേൽ ജീവിതമുള്ളുവെന്നു നിശ്ചയിച്ചു. കമലാകരഭട്ടൻ മുഖേന ഈ സംഗതി അച്ഛൻ മുതലായ സംബന്ധികളെ അറിയിച്ച് കഥവിധാ അനുവാദം വാങ്ങി. ഗുരുനാഥനെ അറിയിച്ചപ്പോൾ, അദ്ദേഹത്തിന്നും വിസമ്മതമുണ്ടായില്ല. വിവാഹവർത്തമാനം നാടൊക്കെപ്പരന്നു പാട്ടായി. സരോജിനിയുടെ കണ്ണിൽ വെള്ളമൂറുന്നു തുടങ്ങി. അവൾ കണ്ണീരും കയ്യുമായിക്കൂടി. അതാ, ‘ചന്ദ്രിക’യിലൊരു പരസ്യം: “സ്ത്രീവിദ്യാഭ്യാസത്തെ ഖണ്ഡിച്ചും മണ്ഡിച്ചും ലേഖനങ്ങളെഴുതി എന്നോടു വാദപ്രതിവാദത്തിൽ പരാജിതനും, അനഭിജ്ഞയായ ഭാര്യയുടെ ലാഭത്താൽ അനുതപിച്ച കിംകർത്തവ്യതാമൂഢനും ആയിരിക്കുന്ന “ഗോവർദ്ധമിശ്രൻ” അവർകൾക്കു ഞാൻ വിദുഷിയായ ഒരു ഭാര്യയെ കൊടുപ്പാൻ തീർച്ചപ്പെടുത്തിയിരിക്കുന്ന വിവരം എല്ലാവരേയും അറിയിച്ചുകൊള്ളുന്നു.

എന്ന് ‘നന്ദിനി’ (ഒപ്പ്)”

ഇതാണ് പരസ്യത്തിലെ വിഷയം. എൻെറ വിവാഹവർത്തമാനം കേട്ടപ്പോൾ എന്നെയൊന്നു കളിയാക്കണമെന്നു വെച്ചാണ് നന്ദിനി ഇങ്ങിനെയൊരു പരസ്യം

പ്രസിദ്ധപ്പെടുത്തിയതെന്നു വിശിഷ്യ പറയണമെന്നില്ലല്ലോ. ഏതായാലും ഇതു കണ്ടപ്പോൾ വാശി മുഴുത്തു; വിവാഹാനന്തരം മാത്രമേ നന്ദിനിയോടു പൊരുതാൻ ഭാവമുള്ളു എന്നു തീൎച്ചപ്പെടുത്തി. പുനൎവ്വിവാഹത്തിന്നു ധൃതികൂട്ടി. ചന്ദ്രികാപത്രാധിപരും ഗുരുനാഥനും കൂടി ആലോചിച്ചു വിദുഷിയായ ഒരു കന്യയെ വേളിക്കു നിശ്ചയിച്ചിരിക്കുന്നു. വിവാഹത്തിന്റെ തലേന്നാൾ ഞാൻ ഗൃഹത്തിൽ പോയി സരോജിനിയെ സാന്ത്വനവാക്കു പറഞ്ഞു സമാശ്വസിപ്പിച്ചു. താൻ മൂലമാണ് ഭൎത്താവിന്നിങ്ങിനെ തോലി പിണഞ്ഞതെന്നറിഞ്ഞപ്പോൾ അവൾ "കഷ്ടിപിച്ചി" സമ്മതിക്കാതിരുന്നില്ല.

ഇന്നു വിവാഹദിവസമാണ്. വിരാടത്തിൽ സുപ്രസിദ്ധമായ "ജഗന്മോഹനം" എന്ന ഹാളിൽ വിവാഹത്തിന്നു വേണ്ടുന്ന ഏൎപ്പാടുകളൊക്കെച്ചെയ്തു കഴിഞ്ഞിരിക്കുന്നു. പുതിയ പരിഷ്കാരമനുസരിച്ചാണ് രണ്ടാമത്തെ വിവാഹം. ഇത് അനുരാഗം വഴിക്കു നടക്കുന്ന വിവാഹമാകയാൽ വൈദികകൎമ്മങ്ങളൊന്നും ആവശ്യമില്ലെന്നു ഗുരുനാഥൻ മന്ദഹാസപൂൎവ്വകം അഭിപ്രായപ്പെട്ടു. ബന്ധുക്കളും സ്നേഹിതന്മാരും മററുമായി അസംഖ്യം ജനങ്ങൾ ഹാജരായിട്ടുണ്ട്. പാണിഗ്രഹണമുഹൂൎത്തം അടുത്തു. അതാ, ശരീരമാസകലം മൂടുപുടവയാൽ മറച്ച് ഒരു കന്യക മന്ദം മന്ദം വിവാഹമണ്ഡപത്തിൽ വന്നു ചേരുന്നു. എനിക്കൊരു പുതുമ തോന്നിയില്ല. പുറമെയ്ക്കു കാണുന്ന വിരലുകളുടെ കാന്തിവിശേഷത്താൽത്തന്നെ ആസ്യാതലം ആകപ്പാടെയൊന്നു പ്രദൎശിതമായിത്തീൎന്നിരിക്കുന്നു. ഏതായാലും വൈദുഷ്യത്തിനൊപ്പം സൌന്ദൎയ്യവുമുണ്ടെന്നു കരുതി ഞാൻ സന്തോഷിച്ചു. "കാസ്വിദവഗുണ്ഠനവതീ നാതിപരിസ്ഫുടശരീരലാവണ്യാ" എന്ന ശാകുന്തളത്തിലെ പദ്യം എനിക്കോൎമ്മ വരാതിരുന്നില്ല. വൈദികൻ പതുക്കെ മൂടുപടം നീക്കി. അപ്പോഴല്ലേ ഞാൻ മലച്ചുപോയത്! എന്റെ പുതിയ വധു പഴയ സരോജിനി തന്നെയാണ്! ഞാൻ "നില വിട്ടു പകച്ചു നിന്നുപോയീ കുല വെട്ടീടിന കുററിവാഴ പോലെ." "സ്വപ്നമോ? മായയോ? മന്മതിഭ്രാന്തിയോ?" എന്നെനിക്കു തീരെ വിവരമില്ലാതായി. അപ്പോൾ, ആചാൎയ്യൻ പുഞ്ചിരിക്കൊണ്ട് എല്ലാവരും കേൾക്കെ, അത്യുച്ചത്തിൽ ഇങ്ങിനെ പറഞ്ഞു:— "ഈ സരോജിനി എന്റെ ശിഷ്യയാണ്. ഗോവൎദ്ധനനെപ്പോലെ ഇവളെയും ഞാൻ നല്ലവണ്ണം പഠിപ്പിച്ചിട്ടുണ്ട്. ഗോവൎദ്ധനനിൽവിശേഷമായ പാണ്ഡിത്യവും ഇവൾക്കുണ്ട്. എന്റെ ഉത്സാഹത്താലാണ ഇവളെ ഗോവൎദ്ധനനെക്കൊണ്ടുതന്നെ വേൾപ്പിച്ചത്. ഈ സരോജിനിതന്നെയാണ് 'സിദ്ധാന്തചന്ദ്രിക'യിൽ ഗോവൎദ്ധനനോടെതിരിട്ട 'നന്ദിനി'. ഈ സംഗതി സരോജിനിക്കും ഗോവൎദ്ധനന്റെ സംബന്ധികൾക്കും അറിയാവുന്നതാണ്. ദ്വിതീയവിവാഹനിൎയ്യാസം അനുവദിക്കപ്പെട്ടതിന്റെ രഹസ്യവും അതുതന്നെ. ഇത്രയും കാലം ഇതെല്ലാം ഒളിച്ചുവെച്ചതിന്റെ ഉദ്ദേശം മറെറാന്നുമല്ല, ശിഷ്യവിനോദം മാത്രമാകുന്നു. ഏതായാലും അനുരൂപവധൂവരന്മാരായ നിങ്ങൾ രണ്ടുപേരും ഐക്യത്തോടും, പരസ്പരസഹകരണ

ത്തോടും കൂടി വൎത്തിക്കണം. നിങ്ങളുടെ വിചിത്രമായ ഈ ദാമ്പത്യം ലോകത്തി ന്നൊരു മാതൃകയായിത്തീരണം. സരോജിനിയുടെ നാമം ഇനിമേൽ 'നന്ദിനി' എന്നുതന്നെയാവട്ടെ. ആ പേരാണ് സ്ത്രീവിദ്യാഭ്യാസത്താലുളവാകുന്ന ഗുണഗണങ്ങളെ പൊതുജനത്തിൻെറ ശ്രദ്ധയിൽ കൊണ്ടുവരാൻ പൎയ്യാപ്തമായിട്ടുള്ളത്. രണ്ടുപേരും സഹധൎമ്മം ആചരിക്കുവിൻ!" എന്നരുളിച്ചെയ്തു ഗുരു ആശീൎവ്വാദപുരസ്സരം ഞങ്ങളെ യാത്രയാക്കി.

എൻെറ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ: അനഭിജ്ഞയാണെന്നു കരുതിയ ഭാൎയ്യ വിദുഷിയാണെന്നു വന്നതിനാലുള്ള സന്തോഷം; ഞാനവളെ പഠിപ്പിപ്പാൻ പുറപ്പെട്ടതും, പത്രരംഗത്തിൽ വെച്ചു പോരാടിയതും, അതിൽ പരാജിതനായതും ഓൎക്കുമ്പോഴുള്ള ലജ്ജ; ഇന്നേവരേയും 'കള്ളി' വെളിച്ചത്താക്കാതെ കഴിച്ചുകൂട്ടിയ ഭാൎയ്യയുടെ ധൈൎയ്യമോൎക്കുമ്പോഴുണ്ടാകുന്ന വിസ്മയം; അവളുടെ സാമൎത്ഥ്യവും, വൈദുഷ്യവുമോൎക്കുമ്പോഴുള്ള ബഹുമാനം- എന്നിവയെല്ലാംകൂടിയൊരു വല്ലായ്മ; ഇങ്ങിനെ ഭാവശബളനായിത്തീൎന്ന ഞാൻ ഭാൎയ്യയോടുകൂടി സ്വഗൃഹത്തിലെയ്ക്കു മടങ്ങിവന്നു. എനിയ്ക്കു ലജ്ജയാൽ അയൽവക്കക്കാരുടെയും ഭാൎയ്യയുടെയും മുഖത്തുനോക്കാൻ സാധിക്കുന്നില്ല. സരോജിനി ഇതാ ഇടക്കിടയ്ക്ക് എന്നെ നോക്കിച്ചിരിക്കുന്നു. വിവാഹം മുതൽക്ക് ഇന്നേവരെ നടന്ന സംഭവങ്ങളെ 'ചന്ദ്രിക'യിലെയ്ക്കെഴുതാൻ തുടങ്ങുന്ന എൻെറ പേനയെ ഇതാ, സരോജിനി അല്ലെങ്കിൽ നന്ദിനി തടഞ്ഞു നിൎത്തുന്നു!

പെരുമുടിയൂർ. —സി. ശങ്കുണ്ണിനായർ.

## തെർമൊകുപ്പി.

കലിയുഗവൈഭവത്താലോ, പരിഷ്കാരാഭിവൃദ്ധിയാലോ പണ്ടു നമ്മുടെ മുത്തച്ഛന്മാർ കാണുകയോ കേൾക്കുകയോ ചെയ്യാത്ത പല കാൎയ്യങ്ങളും സാധനങ്ങളും ഇപ്പോൾ നമുക്കു പരിചിതങ്ങളായിരിക്കുന്നു. നമ്മുടെ പൂൎവ്വികന്മാർ സ്വപ്നേപി നിനച്ചിരിക്കാത്ത ഒരു ലോകത്തിലാണ് നാം ഇപ്പോൾ ജീവിച്ചിരിക്കുന്നത്. നമുക്കു തന്നെ ചെറുപ്പമായിരുന്നപ്പോൾ ഇല്ലാതിരുന്ന പല സാധനങ്ങളും ശാസ്ത്രജ്ഞന്മാർ ഇതിനിടയ്ക്കു കണ്ടുപിടിച്ചു നാട്ടിലെങ്ങും പ്രചാരപ്പെട്ടത്തിയിരിക്കുന്നു. ഇക്കൂട്ടത്തിൽ ഒന്നാണ് തെർമൊകുപ്പി.

ഈ കുപ്പി പ്രചാരത്തിൽ വരുംമുമ്പായി ഒരു കുപ്പിയിൽ ചുടുവെള്ളം അടച്ചു പിറേറദിവസം വരെ ചൂടു പോകാതെ സൂക്ഷിച്ചുവെച്ചു കാണിച്ചു തരാമെന്ന് ഒരാൾ പറയുന്നതായാൽ ഒരു ജാലവിദ്യക്കാരനാണെന്നു നാം പറകയും, എന്തോ മറിമായത്താലാണ് ഈ വിദ്യ കാ

ണിക്കുന്നതെന്നു നാം വിശ്വസിക്കയും ചെയ്യും.

തെർമൊകുപ്പിയെപ്പററി കേട്ടിട്ടില്ലാത്തവർ പരിഷ്കൃതരാജ്യങ്ങളിൽ വളരെ ചുരുക്കം പേർ മാത്രമേ ഉണ്ടായിരിക്കയുള്ളു. ഇപ്പോൾ ഒരു കോടി തെർമോകുപ്പികൾ ലോകത്തിന്റെ നാനാ ഭാഗങ്ങളിലുമായി ഉപയോഗപ്പെട്ടുവരുന്നുണ്ടെന്നു കണക്കാക്കിയിരിക്കുന്നു. മലയാളരാജ്യത്തിലും ഇതിന്നു ധാരാളം പ്രചാരം വന്നിട്ടുണ്ട്. ചെപ്പടിവിദ്യക്കാരന്റെ മറിമായം കൊണ്ടല്ലാ, ഒരു ശാസ്ത്രീയതത്വത്തെ അടിസ്ഥാനമാക്കിയാണ് ഈ കുപ്പി നിൎമ്മിച്ചിരിക്കുന്നതെന്നറിവാൻ ഏതും പ്രയാസമല്ല.

തെർമൊകുപ്പികൊണ്ടുള്ള ഉപയോഗം, അതിൽ പകൎന്നുവെയ്ക്കുന്ന ഏതു സാധനവും തണുത്തുപോകാതെ അതിലെ ചൂടിനെ കുപ്പിക്കുള്ളിൽ ബന്ധിച്ചു വെയ്ക്കുകയും, പുറമെയുള്ള ചൂട കുപ്പിക്കുള്ളിൽ കടക്കാതെ തടുത്തുനിൎത്തുകയുമാകുന്നു. ഈ കുപ്പിയിൽ ചൂടുള്ള എന്തെങ്കിലും സാധനം പകൎന്നുവെച്ചാൽ ചൂട കുറഞ്ഞുപോകാതെയും, തണുപ്പുള്ള സാധനമാണെങ്കിൽ അതിലെ തണുപ്പ് അല്പവും മാറിപ്പോകാതെയും ഇരിക്കുന്നു. ഇതിന്നു കാരണമെന്താണെന്നും ചിന്തിക്കാം.

സാധനങ്ങൾ ചൂടായോ തണുത്തോ ഇരിക്കുന്നു എന്നു പറഞ്ഞാൽ നാം എന്താണൎത്ഥമാക്കുന്നത്? അവയെ തൊട്ടുനോക്കിയാൽ ചിലതു ചൂടായും ചിലതു തണുത്തും നമ്മുടെ വിരലുകൾക്കനുഭവമാകുന്നു എന്നാണല്ലോ. എന്നാൽ വിരലുകൾ കൊണ്ടു തൊട്ടുനോക്കി ചൂടിന്റെ പരിമാണത്തെ ശരിയായി നിൎണ്ണയിക്കാൻ സാധിക്കയില്ല. ഒരു മേശക്കത്തിയെടുത്ത് അതിന്റെ അലകിലും പിടിയിലും പ്രത്യേകം പ്രത്യേകം തൊട്ടുനോക്കുക. അലകു നല്ല തണുപ്പായി തോന്നുന്നു; പിടിക്കത്ര തണുപ്പില്ല. എന്നാൽ ഈ രണ്ടുഭാഗത്തിന്റേയും ഊഷ്മമാത്ര ഒന്നാണ് താനും. നാം അലകിനെ തൊടുമ്പോൾ അതു നമ്മുടെ വിരലുകളിലുള്ള ചൂടിന്റെ ഏതാനും ഭാഗം കവൎന്നെടുക്കുന്നു; പിടിക്ക് ഈ ശക്തി കുറവാണ്. ഇതാണ് മേല്പറഞ്ഞ വ്യത്യാസത്തിനു കാരണം. അതിനാൽ ഊഷ്മമാപിനിക്കുഴൽവെച്ചു പരിശോധിച്ചാൽ മാത്രമേ ചൂടിന്റെ ശരിയായ പരിമാണം നിൎണ്ണയിപ്പാൻ സാധിക്കയുള്ളു. ഊഷ്മമാത്രയിൽ വ്യത്യാസമുള്ള രണ്ടു സാധനങ്ങളെ ഒന്നിനോടൊന്നു ചേൎത്തുവെച്ചാൽ ചൂടേറിയ സാധനം തണുക്കയും തണുത്ത സാധനം ചൂടാകയും, ഇങ്ങിനെ ക്രമേണ രണ്ടും ഒരേ ഊഷ്മമാത്രയിൽ വന്നുചേരുകയും ചെയ്യുന്നു.

ചൂട പ്രായേണ ഏതു സാധനം വഴിയായും പ്രവഹിക്കുന്നു; എന്നാൽ ചില സാധനങ്ങളിലൂടെ അതു ശീഘ്രം പ്രവഹിക്കുന്നു. ഒരു സ്ഫടികക്കുപ്പിയിൽ തിളയ്ക്കുന്ന വെള്ളം പകൎന്നാൽ അതു വേഗം തണുത്തുപോകും. എന്നാൽ കുപ്പിയെ ഒരു കമ്പിളിയിൽ പൊതിഞ്ഞുവെച്ചാൽ വെള്ളം വളരെ നേരത്തേയ്ക്കു തണുക്കുകയില്ല. ഇവിടെ പുറമേയുള്ള ചൂടിനെ തടഞ്ഞുനിൎത്തുകയല്ല; അകത്തുള്ള ചൂടിനെ ബന്ധിച്ചു നിൎത്തുകയാണ് കമ്പിളി ചെയ്യുന്നത്.

ചൂട് എപ്പോഴും ഓരോ വസ്തുക്കളിൽ

കൂടെ കടന്നു പുറത്തുപോകാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇതിന്നു പുറത്തു കടക്കുന്നതിന്നു മൂന്നു പ്രധാന മാൎഗ്ഗങ്ങളുണ്ട്. ഒന്നാമത് ഒരു വസ്തുവിൽനിന്നും മറ്റൊന്നിലേയ്ക്കു കടക്കുക; ഇതിന്നു പ്രവഹണം എന്നു പേർ. രണ്ടാമതു, ചുറ്റുമുള്ള വായു വഴിയായി കടന്നുപോവുക; ഇതിന്നു സംവഹനം എന്നുപേർ. മൂന്നാമത്തെ മാൎഗ്ഗത്തിന്നു വികിരണം എന്നു പറയുന്നു. ഈ മൂന്നു മാൎഗ്ഗങ്ങളേയും പരിശോധിച്ചു നോക്കാം.

ഒരു സ്ഫടികക്കപ്പി എടുത്തു തൊട്ടുനോക്കിയാൽ അതു സാമാന്യം തണുത്തിരിക്കുന്നു. എന്നാൽ, അതിൽ കുറെ ചുടുവെള്ളം പകൎന്നാൽ കപ്പിയും ചൂടായിത്തീരുന്നു. വെള്ളത്തിലെ ചൂടു സ്പൎശംവഴി കപ്പിയുടെ ഉൾഭാഗത്തും, പിന്നീടു സ്ഫടികത്തിലൂടെ ബഹിൎഭാഗത്തും പ്രവഹിക്കുന്നു. ഇനി ഈ ബഹിൎഭാഗത്തെത്തിയ ചൂട് എങ്ങിനെ പുറമെ പോയ്പ്പോകുന്നു എന്നു ചിന്തിക്കുക

എല്ലാസ്സാധനങ്ങളും ചൂടു പിടിക്കുമ്പോൾ വികസിക്കുന്നു: വായു അത്യധികം വികസിക്കുന്നു. ചൂടുപിടിച്ചു വികസിച്ച വായു ലഘുവായിത്തീരുകയും, തന്നിമിത്തം മേല്പോട്ടു പൊങ്ങിപ്പോകയും ചെയ്യുന്നു. ചുടുവെള്ളം പകൎന്ന സ്ഫടികക്കപ്പി ചൂടാകുമ്പോൾ അതിലെ ചൂടു ചുറ്റുമുള്ള വായുവിലേയ്ക്കു കടക്കുകയും, ആ വായു ചൂടുപിടിച്ചു വികസിച്ചു പൊങ്ങിപ്പോകുമ്പോൾ തൽസ്ഥാനത്തേയ്ക്കു കനമുള്ള തണുത്ത വായു വന്നുചേരുകയും ചെയ്യുന്നു. ഈ വായുവും ക്രമേണ ചൂടുപിടിച്ചു പൊങ്ങിപ്പോകുന്നു. ഇങ്ങിനെ സംവഹനക്രിയയാൽ കപ്പിയും വെള്ളവും തണുക്കുകയും ചൂടു മുഴുവനും വായുവിലേയ്ക്കു കടക്കുകയും ചെയ്യുന്നു.

വികിരണം മേൽപ്പറഞ്ഞ ദ്വന്ദ്വത്തിൽനിന്ന് അത്ര എളുപ്പം മനസ്സിലാകുന്നില്ല. വെയിലത്തു കിടക്കുന്ന ഒരു പാറക്കല്ലു ചുറ്റുമുള്ള വായുവെക്കാൾ ചൂടേറിയിരിക്കുന്നതു നാം പലപ്പോഴും കാണുന്നുണ്ട്. നമ്മുടെ കൈ പൊള്ളിക്കുന്ന തീജ്വാല ചുറ്റുമുള്ള വായുവെ അത്ര വളരെ ചൂടു പിടിപ്പിക്കുന്നുമില്ല. ഇവയുടെ കാരണം ആലോചിച്ചാൽ വികിരണം മനസ്സിലാകും. എല്ലാം സാധനങ്ങളും ചൂടിനെ വികിരണം ചെയ്യുന്നു. എന്നാൽ അനുജ്ജ്വലങ്ങളായ വസ്തുക്കളെക്കാൾ, കത്തിജ്വലിക്കുന്ന തീജ്വാല, ചുട്ടുപഴുത്തിരിക്കുന്ന ലോഹം മുതലായ ജാജ്വല്യമാനങ്ങളായ വസ്തുക്കളാണ് ഊഷ്മാവിനെ അധികം വികിരണം ചെയ്യുന്നത്.

തിളച്ച വെള്ളവും ചൂടുപിടിച്ച വായുവും ഊഷ്മാവിനെ വികിരണം ചെയ്യുന്നുണ്ട്. കപ്പിയിൽനിന്നു വായുവിലെയ്ക്കു പ്രവേശിച്ച ചൂടു വികിരണംനിമിത്തം ചിന്നിച്ചിതറി അന്തരീക്ഷത്തിൽ ലയിക്കുന്നു. അതിനാൽ കപ്പിയിലെ വെള്ളം തണുത്തുപോകാതിരിക്കേണമെങ്കിൽ മേൽപറഞ്ഞ ക്രിയകൾ നടക്കാതിരിക്കത്തക്കവണ്ണം നാം മുൻകരുതലുകൾ ചെയ്തു ചൂടിനെ തടഞ്ഞുനിൎത്തണം. ഇതുതന്നെയാണ്, തെർമൊകപ്പിയുടെ പ്രവൃത്തി.

തെർമൊകപ്പി വലുതും ചെറുതുമായ രണ്ടു സ്ഫടികക്കപ്പികൾകൊണ്ടുണ്ടാക്കപ്പെട്ടിരിക്കുന്നു. ചെറിയ കപ്പി വലുതിനുള്ളി-

ൽ ഇറക്കിവെച്ചു കഴുത്തിന്റെ ഭാഗത്തു രണ്ടും ഉരുക്കിച്ചേർത്തു യോജിപ്പിച്ചിരിക്കുന്നു ഇങ്ങിനെ യോജിപ്പിച്ചിരിക്കുന്നിടത്തല്ലാതെ ചെറിയ കുപ്പി വലുതിനെ സ്പർശിക്കുന്നില്ല. അതിനാൽ രണ്ടിനും മദ്ധ്യേ കുറെ ഇടയുണ്ട്. ഈ ഇടയിൽ ഉള്ള വായുവിനെ ബഹിഷ്ക്കരിച്ചാൽ ഈ കുപ്പികൾക്കിടയിൽ ഒരു അഖിലശൂന്യം (വായുപോലും ഇല്ലാത്ത സ്ഥലം) ഉണ്ടാകും. അഖിലശൂന്യം ഉണ്ടാക്കുന്നതിനു വേണ്ടി പുറത്തേ കുപ്പിയുടെ അടിഭാഗത്ത് ഒരു ദ്വാരമുണ്ടാക്കി, ആ ദ്വാരത്തിൽ ഒരു ചെറിയ കുഴൽ തിരുകിപ്പിടിപ്പിച്ചു, കുഴലിന്റെ മറേറ അഗ്രത്തെ വായുബഹിഷ്ക്കരണയന്ത്രത്തോടു ഘടിപ്പിച്ചു വായുവിനെ വലിച്ചെടുക്കുന്നു. വായു മിക്കവാറും കഴിഞ്ഞാൽ കുഴലിന്റെ ദ്വാരത്തെ പുറമേയുള്ള വായു കടക്കാത്ത വിധത്തിൽ ഉരുക്കിച്ചേർത്തടച്ചു കളയുന്നു.

ഇങ്ങിനെ തെർമൊ കുപ്പിയുടെ പണി പൂർണ്ണമായി. അടിയിലെ കുപ്പിയെ പുറമേയുള്ള യാതൊരു സാധനവും സ്പർശിക്കുന്നില്ല. അതിനു ചുററും അഖിലശൂന്യമാകയാൽ വായുവഴിയായും ചൂടിനു പുറത്തു കടക്കാൻ സാധിക്കയില്ല. വികിരണം നിമിത്തവും ചൂടു പൊയ്പ്പോകാതിരിപ്പാനായി അഖിലശൂന്യത്തിനു ചുററുമുള്ള കുപ്പികളുടെ വശങ്ങൾ രണ്ടും വെള്ളി പൂശി മിനുസപ്പെടുത്തിയിരിക്കുന്നു. തന്നിമിത്തം അകത്തുള്ള ചൂടു പുറമെ കടക്കാതെയും, പുറത്തുള്ള ചൂട് അകത്തു കടക്കാതെയും ഈ വെള്ളി പൂശിയ ഭാഗങ്ങൾ സൂക്ഷിക്കുന്നു. ഇതു മനസ്സിലാക്കാൻ വേറൊരു ദൃഷ്ടാന്തം പറയാം. ജനവാതിലോ മററു കവാടമോ ഇല്ലാത്ത ഒരു ചുമരിൽ കൂടെ ഒരു റബ്ബർപ്പന്തിനെ പുറത്തെയ്ക്കെറിയുവാൻ ശ്രമിച്ചാൽ, പന്തു ചുമരിൽ തട്ടി ഉക്കോടുകൂടെ ഉള്ളിലേയ്ക്കുതന്നെ മടങ്ങിച്ചാടുന്നു. പുറമേനിന്നും ഈ പന്തിനെ ഉള്ളിലേയ്ക്കെറിവാൻ ശ്രമിച്ചാലും മേൽപറഞ്ഞ പ്രകാരം മടങ്ങുന്നതേ ഉള്ളൂ. ഇതുപോലെ തന്നെയാണ്, വെള്ളിപൂശി കണ്ണാടിപോലെ മിനുസപ്പെടുത്തിയിരിക്കുന്ന കുപ്പിയുടെ വശങ്ങൾ വികിരണം ചെയ്യാൻ ശ്രമിക്കുന്ന ഊഷ്മാവിനെ തടഞ്ഞുനിർത്തുന്നതും.

ഇങ്ങിനെ ഒരു ശാസ്ത്രീയതത്വത്തെ അടിസ്ഥാനമാക്കി നിർമ്മിച്ചിരിക്കുന്ന തെർമൊകുപ്പി അതിൽ പകർന്നുവെയ്ക്കുന്ന ചൂടുള്ള സാധനങ്ങളെ തണുത്തു പോകാതെ ഒരു രാവും പകലും, തണുത്ത സാധനങ്ങളിലെ തണുപ്പു മാറാതെ എട്ടുദിവസവും ആരക്ഷിക്കുന്നു.

കണ്ണൂർ.

—ബി. കല്യാണി അമ്മ.

## “അമ്പനായർ.”

കഴിഞ്ഞ ലക്കം ‘ആത്മപോഷിണി’യിൽ മിസ്റ്റർ മൂക്കോത്തു കുമാരന്റെ പുതിയ കഥയെപ്പററി ഒരു നിരൂപണം കാണുകയുണ്ടായി. അതു വായിച്ചപ്പോഴാണ് പുസ്തകം വായിക്കേണമെന്ന് ആഗ്രഹം ജനിച്ചത്. പുസ്തകം വായിച്ചു തീർന്നപ്പോൾ,

നിങ്ങൾ കഴിഞ്ഞ ലക്കത്തിന്റെ ഒടുവിൽ ചേർത്തിട്ടുള്ള പുസ്തകനിരൂപണക്കാരെപ്പറ്റിയുള്ള ചില അഭിപ്രായങ്ങൾ എത്രയും വാസ്തവമാണെന്നു പ്രത്യക്ഷപ്പെട്ടു. മിസ്റ്റർ കുഞ്ഞിക്കണ്ണൻ ഇത്ര വളരെ സ്തുതിക്കത്തക്കവണ്ണം "അമ്പുനായർ"ക്ക് എന്താണ് ഒരു വിശേഷം എന്നു മനസ്സിലാകുന്നില്ല. അത് ഇപ്പോഴത്തെ മലയാളസമുദായത്തിന്റെ ഒരു ചിത്രമാണത്രേ. ഏതുവിധത്തിൽ? മിസ്റ്റർ നമ്പ്യാരെപ്പോലെ "അരാന്റെ മടി പിടിച്ചു കണ്ണോക്കു കാണുന്നവർ" എന്നും ഇന്നും മലയാളത്തിൽ ധാരാളമായി കണ്ടിട്ടും കാണുന്നും ഉണ്ട്. നമ്പൂരിയെപ്പറ്റിയുള്ള പരിഹാസം പലരും പ്രകടിപ്പിച്ചിരിക്കുന്ന കൂട്ടത്തിൽ ഒന്നെന്നേ വിചാരിക്കാൻ ന്യായം കാണുന്നുള്ളൂ. 'കാമാക്ഷ'യെപ്പോലെയുള്ള സ്ത്രീകൾ സോളയുടേയോ, റെയിനോൾഡിന്റെയോ നോവലുകളിൽ അപ്രസിദ്ധമായ ചില സ്ഥലത്തു കാണുമെങ്കിലും, അവർ ജീവിച്ചിരിക്കുന്നുണ്ടോ എന്നു സംശയമാണ്. ഒരു പുരുഷനോടു, 'നിങ്ങൾ എന്നെ വിവാഹം ചെയ്യണ'മെന്നു പറയുന്ന സ്ത്രീകൾ മലയാളത്തിലെന്നു വേണ്ട പരിഷ്കൃതസമുദായത്തിൽ എവിടെയെങ്കിലും ഇപ്പോൾ ഉണ്ടോ എന്നു സംശയമാണ്. ഭാസ്കരമേനോന്റെ മരുന്നുപരിശോധനയും മററും ഇതിലും അധികം സംഭവ്യമാണെന്നും, വിരുതൻശങ്കുവിനെ ചികിത്സിച്ച മാതിരി ചുരുക്കം ചിലരെങ്കിലും ക്ഷയരോഗികളെ ചികിത്സിക്കുന്നുണ്ടെന്നും ആണ് എന്റെ അറിവ്. മിസ്റ്റർ കുമാരന്റെ ഉദ്ദേശം, ഇപ്പോൾ വർജ്ജ്യങ്ങളായ ചില സമ്പ്രദായങ്ങൾ നമ്മുടെ പരിഷ്കാരികളായ ബാലികകളുടെ ഇടയിൽ കടന്നിട്ടുണ്ടെന്നു കാണിക്കുന്നതാണ്. എന്നാൽ അത് വിശദമായി കാണിക്കുവാൻ ഉപയോഗിച്ച സൂത്രം മാത്രം തെറ്റിപ്പോയി. ഇപ്പോഴത്തെ പരിഷ്കാരത്തിന്റെ തിരിച്ചിലിന്റെ ഫലമായി പലേ ബാലികമാരും, പത്നീപദത്തിൽ എത്തുവാൻ സാധിക്കാതേയും; എത്തിയാൽതന്നെ ആ പുതിയ പദവി എങ്ങിനെയാണു കൊണ്ടുനടക്കേണ്ടതെന്നറിയാതെയും കഷ്ടപ്പെടുന്നതിനെ നല്ല ഒരു കഥാരൂപത്തിൽ വായനക്കാരുടെ മുമ്പിൽ മിസ്റ്റർ കുമാരൻ പ്രതിഷ്ഠിച്ചിരുന്നാൽ ഇപ്പോഴത്തെ സമുദായചരിത്രം അദ്ദേഹം മനസ്സിലാക്കിയിട്ടുള്ളതായി ഞാൻ പറയുമായിരുന്നു. 'വസുമതി'യിലും കുറെക്കൂടി മോശമാണ് 'അമ്പുനായർ' എന്നാണ് എനിക്കു തോന്നിയത്. രണ്ടാമത്തെ പുസ്തകത്തിൽ അസംഭവ്യസംഗതികൾ ക്ഷന്തവ്യമല്ലാതവണ്ണം കടന്നു സ്ഥലം പിടിച്ചിട്ടുണ്ട്.

മിസ്റ്റർ കുമാരന്റെ കഥ ഒരു മാസികയിൽ ചേർക്കാൻ കൊള്ളാം. അതിന് ഒരു ഗ്രന്ഥത്തിന്റെ നിലയിൽ അധികകാലം നിലനില്ക്കുവാൻ സാധിച്ചാൽ അത്ഭുതം മാത്രമായിരിക്കും. എങ്ങിനെയായാലും അത് സുസ്ഥിരത്വം അർഹിക്കുന്നില്ല. 'ഭാഷാപോഷിണി'യുടെ പത്തു പുറങ്ങൾകൊണ്ട് അച്ചടിച്ചു മുഴവനാക്കുവാൻ വിഷമമില്ലാത്ത ഈ കഥയെ ഒരു പുസ്തകമാക്കി സഹൃദയന്മാരുടേയും സാഹിത്യരസികന്മാരുടേയും മുമ്പിൽ പ്രതിഷ്ഠിക്കാൻ പുസ്തകപ്രസിദ്ധകനു ധൈര്യംവന്നത് ഒരു സമയം മിസ്റ്റർ മൂർക്കോത്തു കുമാരൻ ഒരു നല്ല ഗദ്യകാരൻ എന്നുള്ള പ്രശസ്തിയിലുള്ള

ബലം കണ്ടിട്ടായിരിക്കാം.

മിസ്റ്റർ സി. അന്തപ്പായിയുടെ ശാരദാപുസ്തകത്തെപ്പററി ഒരു സഹൃദയൻ 'മംഗളോദയ'ത്തിൽ നിരൂപണംചെയ്തു കണ്ടപ്പോൾ എൻെറ സുഹൃത്തായിരുന്ന പരേതനായ മിസ്റ്റർ രാമകൃഷ്ണപിള്ള പറഞ്ഞത്, അതുപോലെയുള്ള ദീർഘനിരൂപണങ്ങളുടെ ഫലം ക്ഷുദ്രകാവ്യങ്ങൾ മലയാളകുടുംബങ്ങളിൽ പ്രബലമായി കയറി കൂടുന്നതായിരിക്കുമെന്നാണ്. മിസ്റ്റർ കുമാരൻെറ കൃതി ഒരു ക്ഷുദ്രകൃതിയാണെന്നു ഞാൻ പറയുന്നില്ല. എന്നാൽ അദ്ദേഹത്തിൻെറ ചില സ്തുതിപാഠകന്മാർ വിചാരിക്കുംപോലെയുള്ള പ്രചാരം അതർഹിക്കുന്നില്ല. നിരൂപണം ദീർഘിച്ചാൽ എൻെറ ഉദ്ദേശത്തിന്നു വിരുദ്ധമായ ഒരു ഫലം വന്നെങ്കിലോ എന്നു ഭയപ്പെട്ടു ഞാൻ ഒരു വാക്കുകൂടി പറഞ്ഞു ഇവിടെ അവസാനിപ്പിക്കാം. അതു നമ്മുടെ സാഹിത്യകാരന്മാരിൽ സമർത്ഥന്മാരായ ചിലരോടാണ്. ഇക്കൂട്ടർ ഉറങ്ങുന്നതുകൊണ്ടു നല്ല പുസ്തകങ്ങൾ പുറത്തു വരുന്നില്ല. അതിൻെറ ഫലം, അന്യസാഹിത്യങ്ങളിൽ എത്രയോ താഴ്ന്ന പദത്തിൽ കിടക്കുന്നവപോലെ മാത്രം പ്രാമാണ്യമോ പ്രാധാന്യമോ ഉള്ള പുസ്തകങ്ങൾ മലയാളത്തിൽ വന്നുചേരുമ്പോൾ അവ സർവ്വപ്രകാരേണയും ആരാധനീയമാണെന്നു മലയാളികൾ ധരിച്ചുപോകുന്നതാണ്. ഇതു മലയാളികൾക്കുള്ള ആസ്വാദനശക്തിക്കും സാഹിത്യരസികത്വത്തിനും കഠിനമായ ഉടവു തട്ടുന്നതിന്നുമതിയാകുന്നതാണ്. ആ ഉടവ് ഒരു സമയം ഒരിക്കലും തീർത്താലും തീരാതവണ്ണം നിലനിന്നുവെന്നും വരാം.

എറണാകുളം.

—അമ്പാടി നാരായണമേനോൻ.

## ഒരു അസാംഗത്യം.

ധനുമാസത്തിലെ "ആത്മപോഷിണി"യിൽ ശ്രീമാൻ വി. കുഞ്ഞിക്കണ്ണൻ "അമ്പുനായർ" എന്ന പുസ്തകത്തെ വിമർശിച്ചതിൽ ഒരു ദിക്കിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നതായി കാണുന്നു:— "56-ാം ഭാഗത്ത് അല്പം ഒരു അസാംഗത്യം കാണുന്നു. ഗവർണ്ണർക്ക് വിരുന്നുകൊടുക്കുന്നതിൻെറ തലേദിവസം, വക്കീൽ ശേഖരൻ നമ്പ്യാരുടെ വകയായി സിവ്യൂ ബങ്കളാവിൽ വെച്ചു രാത്രി ഏഴു മണിമുതൽക്കു പത്തു മണി വരെ ഗവർണ്ണർക്കു തീൻ, എന്ന് അമ്പുനായർ പത്രത്തിൽ വായിച്ചു. വക്കീൽ തന്നെ തോല്പിച്ചുവെന്നു മനസ്സിലായി. സർവ്വരേയും സംഹരിച്ചു കളയുമോ എന്നു തോന്നുമാറു കോപാന്ധനായി പല്ലു കടിച്ച്, അമ്പുനായർ വക്കീൽമാരും മററും ഇരുന്നു വെടിപറയുന്ന തൻെറ തോട്ടത്തിലെക്കു കടന്നുചെല്ലുന്നു. അപ്പോൾ ശേഖരൻനമ്പ്യാർ തന്നെ ദൂഷിച്ചുപറയുന്നതു സ്വന്തം ചെവികൊണ്ടു കേൾക്കു

ന്നു. തൽക്കാലം ഉണ്ടായ കോപം ശതഗുണീഭവിക്കുന്നു. സർവ്വരേയും ശകാരവർഷംകൊണ്ടു കുളിപ്പിക്കുന്നു. പെട്ടെന്നു സ്നേഹിതനായ നാരായണമേനോൻ വന്നു തൽക്കാലം ക്ഷമിക്കണം എന്നു പറയുമ്പോഴെയ്ക്കു "നിങ്ങൾ അങ്ങിനെയാണ് പറയുന്നതെങ്കിൽ ഞാൻ അനുവദിക്കാം" എന്ന് അമ്പുനായർ പറഞ്ഞത് മനുഷ്യസ്വഭാവമാണെന്നു തോന്നുന്നില്ല. മതിയായ കാരണത്താൽ ദ്വേഷ്യം പിടിച്ചു നാഡികളിൽ രക്തം തിളച്ചു കയറിയ ഒരാൾ ഇത്ര പെട്ടെന്നു ശാന്തനായി തീരുമൊ? അമ്പുനായർ കുറെ മനക്കരുത്തുള്ള ആളാണെന്നല്ലേ കണ്ടത്,"

ഇതാണ് ശ്രീമാൻ കുഞ്ഞിക്കണ്ണൻ കണ്ട അസാംഗത്യം. അദ്ദേഹം എന്റെ പുസ്തകത്തെപ്പററി വളരെ നല്ല അഭിപ്രായമാണ് ആകപ്പാടെ പറഞ്ഞിട്ടുള്ളത്. പുസ്തകവിമർശകനായിത്തീരാൻ അദ്ദേഹത്തിന്ന് ആഗ്രഹവും വാസനയും ഉണ്ടെന്നു കാണുന്നു. ഗ്രന്ഥകർത്താക്കളിൽ നിന്ന് അല്പം ഭേദിച്ചതാണെങ്കിലും അതിനെക്കാൾ ശക്തിയുള്ള ഒരു ഭാവനാശക്തി വിമർശകന്മാൎക്കും ഉണ്ടായിരിക്കണം. പുസ്തകങ്ങളെ സ്തുതിക്കുന്നതുകൊണ്ടോ ദുഷിക്കുന്നതുകൊണ്ടോ ഒരാൾ വിമർശകനാണെന്നു വരുന്നതല്ല. ശ്രീമാൻ കുഞ്ഞിക്കണ്ണൻ എടുത്തു കാണിച്ച ഈ അസാംഗത്യത്തിൽ അദ്ദേഹത്തിന്റെ ഭാവനാശക്തിക്കു കുറെ കുറവു കാണുന്നതിനാൽ അതു ചൂണ്ടികാണിച്ചുകൊടുക്കേണ്ടത് അദ്ദേഹത്തിന്റെ അഭ്യുദയകാംക്ഷിയും സ്നേഹിതനുമായ എന്റെ മുറയാണെന്നു തോന്നുകയാൽ ഈ ലേഖനത്തിന്നു സംഗതിയായിരിക്കുന്നു.

ഒന്നാമത്, നാരായണമേനോൻ "തൽക്കാലം ക്ഷമിക്കണം" എന്നു മാത്രമല്ല പറഞ്ഞത്. ക്ഷമിക്കേണ്ടതിന്നുള്ള കാരണവും അദ്ദേഹം വിവരിച്ചു പറഞ്ഞിരുന്നു. തനിക്ക് അത്യന്തം സ്നേഹവും ബഹുമാനവും ഉള്ള ഒരാൾ ആവക അവസരങ്ങളിൽ പറയുന്ന ഉപദേശങ്ങൾ കേട്ടാൽ ഉടനെ കോപം ശമിക്കുന്നതിലും ചെയ്യാൻ പോകുന്ന പ്രവൃത്തിയിൽനിന്നു വിരമിക്കുന്നതിലും യാതോരു അസാംഗത്യവുമില്ല. ലോകത്തിൽ നാം സാധാരണ കാണുന്ന സംഭവമാണിതെന്നു പറഞ്ഞാൽ ശ്രീമാൻ കുഞ്ഞിക്കണ്ണന്നു ബോദ്ധ്യമാകയില്ലെങ്കിൽ മഹാകവിയായിരുന്ന ഭവഭൂതിയുടെ "ഉത്തരരാമചരിത"ത്തിൽനിന്ന് ഉദാഹരണം കാണിച്ചുകൊടുക്കാം.

ജനങ്ങൾ പറഞ്ഞുണ്ടാക്കിയ അപവാദം നിമിത്തം ശ്രീരാമൻ തന്റെ ധർമ്മപത്നിയായ സീതയെ പൂർണ്ണഗർഭയായിരുന്ന നിലയിൽ കാട്ടിൽ ത്യജിച്ചു. പന്ത്രണ്ടു കൊല്ലം കഴിഞ്ഞശേഷം ജനകമഹാരാജാവു വാത്മീകിമഹർഷിയുടെ ആശ്രമത്തിൽ പോയപ്പോൾ ആ അവസരത്തിൽത്തന്നെ അവിടെ ചെന്നിരുന്ന കൌസല്യയേയും മററും കാണ്മാൻ സംഗതി വന്നു. എല്ലാവരും കൂടി ഇരിക്കുമ്പോളാണ് സീതയുടെ ഇരട്ട പെററപുത്രന്മാരിൽ ഒരുവനായ ലവനെ കണ്ടത്. ലവൻ, വാത്മീകിമഹർഷി ഉണ്ടാക്കിയ രാമായണകഥയെ ജനകന്റെ ആവശ്യപ്രകാരം വിവരിച്ചു തുടങ്ങി. സീതയെ കാട്ടിലാക്കിയ ഭാഗത്തെപ്പററി പറഞ്ഞുകേട്ടപ്പോൾ ജനകൻ അത്യന്തം കോപിച്ചു. അയോദ്ധ്യയിലെ പൌരന്മാരേയും ശ്രീരാമനേയും ഉടനെ ചാപംകൊ

ണ്ടും ശാപംകൊണ്ടും ദഹിപ്പിക്കാൻ ഒരുങ്ങി. കൌസല്യ ഭയപ്പെട്ടു്, അരുന്ധതിയോടു ജനകനെ പറഞ്ഞാശ്വസിപ്പിക്കാൻ അപേക്ഷിച്ചു. അരുന്ധതിയുടെ വാക്കു കേട്ട ഉടനെ ജനകൻെറ കോപം അടങ്ങുകയും പൌരന്മാരുടെയും ശ്രീരാമൻെറയും തെറ്റുകൾ അദ്ദേഹം ക്ഷമിക്കയും ചെയ്തു. "ഉത്തരരാമചരിത"ത്തലുള്ള ആ ഭാഗം ഇവിടെ എഴുതുന്നതു് അധികം രസകരമാകുമെന്നു വിചാരിക്കയാൽ അങ്ങിനെ ചെയ്യുന്നു.

ലവൻ— (അരുന്ധതിയോടു്) ആര്യെ ഇതാരാണു് ?

അരുന്ധതി— ഇവർ കൌസല്യയാണു്. ഇദ്ദേഹം ജനകനാണു്.

ലവൻ— (ബഹുമാനസ്നേഹകൌതുകങ്ങളോടുകൂടി നോക്കുന്നു.)

ജനകൻ— അഹോ! ദുർബ്ബുദ്ധികളായ പൌരന്മാരുടെ ദൗർമ്മുഖ്യം! അഹോ! രാമരാജാവിൻെറ സാഹസപ്രവൃത്തി!

ഉൾക്കാമ്പിൽ ഘോരവജ്രപ്രഹരസദൃശമീ-
ദ്ദുഃഖമോരോത്തുടിക്കും
മൽക്രോധാഗ്നിക്കിതത്രേ സമയമെരി-
യുവാൻ ചാപശാപങ്ങൾ കൊണ്ടും.

കൌസല്യ— ഭഗവതി! രക്ഷിക്കണേ, രക്ഷിക്കണേ, കോപിച്ചിരിക്കുന്ന രാജർഷിയെ പ്രസാദിപ്പിക്കണേ!

അരുന്ധതി—

പ്രായേണ മാനികൾ മനസ്സവമാനലേശം
പ്രാപിക്കിലിങ്ങിനെ ഭവിപ്പതു സമ്പ്രദായം
പാരിന്നധീശതവനന്ദനനല്ലെ രാമൻ,
പാവങ്ങൾ പൌരവരും പരിപാല്യരല്ലേ?

തലസ്ഥരി—

ജനകൻ—

ആ രണ്ടും ഞാൻ ക്ഷമിച്ചേൻ രഘുവരനിലവൻ
മത്സുതൻ തന്നെയല്ലോ
പൌരന്മാരിൽദ്വിജ,സ്ത്രീ,വികല,ശിശു,മഹാ-
വൃദ്ധ,രൊട്ടല്ല താനും.

ഇതു വായിച്ചു കഴിഞ്ഞാൽ ശ്രീമാൻ കുഞ്ഞിക്കണ്ണൻെറ അഭിപ്രായം മാറുമെന്നാണു് എൻെറ വിശ്വാസം. ഇല്ലെങ്കിൽ, ഞാൻ മനശ്ശാസ്ത്രത്തിന്നും ലോകസമ്പ്രദായത്തിന്നും പ്രതികൂലമായി എഴുതീട്ടുണ്ടെങ്കിൽ, മഹാകവി ഭവഭൂതികൂടി എന്നെപ്പോലെ അബദ്ധം ചെയ്തിട്ടുണ്ടല്ലോ എന്നാണെൻെറ ആശ്വാസം. കഠിനമായ കോപമുണ്ടാകുമ്പോൾ, അധികം സ്നേഹവും ബഹുമാനവും ഉള്ള ഒരാളുടെ വാക്കു കേൾക്കുകയോ, അഥവാ, അയാളെ കാണുകയോ ചെയ്യുമ്പോൾ, കോപം ശമിക്കുമെന്നു ഭവഭൂതി പറയുന്നു. ലവനെക്കൊണ്ടു് ആ മഹാകവി ഇങ്ങിനെ പറയിക്കുന്നു:—

കണ്ടപ്പോളിപ്പുമാനെക്കലെഹരുചിശമി
ക്കുന്നിതഗ്ഗർവ്വമെങ്ങോ
ഉണ്ടന്നു, മാനസത്തിൽ സുഖമയരസവും
താഴ്മയും ചേർന്നിടുന്നു;
ഉണ്ടായീടുന്നിതെന്തോ പരവശതയെനിക്കോ-
ക്കിലോ ഗൂഢമായി-
ട്ടുണ്ടാം തീർത്ഥങ്ങളിൽപ്പോലൊരു മഹിമ മഹാ-
ന്മാരിലും ശ്രേഷ്ഠമായി.

ഞാൻ ആദ്യം പറഞ്ഞതുപോലെ പുസ്തകങ്ങൾ വിമർശിക്കുന്നവർ വളരെ പുസ്തകങ്ങൾ വായിച്ചിരിക്കണം. അവൎക്കു ലോകപരിചയം ഗ്രന്ഥകർത്താക്കളെക്കാൾ ഉണ്ടായിരിക്കണം.

മൂർക്കോത്തു് കുമാരൻ.

## ഇന്നത്തെ അത്യത്ഭുതം.

ഹെല്ലൻകെല്ലർ.

## II

ഹെല്ലന്റെ വിദ്യാഭ്യാസസമ്പ്രദായത്തെ മുഴുവനും വിവരിക്കുന്നപക്ഷം ഈ ലേഖനം വല്ലാതെ വലുതായിപ്പോവും. മിസ്സ് സല്ലിവൻ എന്ന അവളുടെ ഉപാധ്യായിനി, കളിസ്സുമ്പോഴും പഠിക്കുമ്പോഴും പ്രവൃത്തിയെടുക്കുമ്പോഴും, എപ്പോഴും അവളുടെ ഒരുമിച്ചായിരിക്കും. അന്ധന്മാരെ പഠിപ്പിക്കുന്നതിന്നു കൈവിരലുകൾ ഉപയോഗിച്ചുകൊണ്ടുള്ള അക്ഷരാഭ്യാസസമ്പ്രദായപ്രകാരം അവൾ ഹെല്ലനെ എഴുത്തു പഠിപ്പിച്ചുവന്നു. ഭാഷയുടെ അർത്ഥം നമ്മുടെ കഥാനായിക ആദ്യമായി ധരിച്ചത്, അവർ രണ്ടുപേരും ഒരു കിണററിന്നരികിലേയ്ക്കു വെള്ളം കോരുവാൻ പോയപ്പോളാണ്. വാക്കുകളെ അവളുടെ കയ്യിലെയ്ക്കു പകൎത്തിക്കാണിച്ചതുകൊണ്ട്, വെള്ളമെന്നും പാത്രമെന്നും ഉള്ള രണ്ടെണ്ണത്തെ കുറിച്ചുള്ള ബോധം അവളുടെ മനസ്സിൽ ഉദിച്ചതോടുകൂടി "ഭാഷയുടെ രഹസ്യം" അവൾക്കു തിരിഞ്ഞു. മിസ്സ് കെല്ലർ ഒരിടത്തെഴുതിയിരിക്കുന്നു: "വെറുതെ ഇരിക്കുന്ന എന്റെ കയ്യിലെയ്ക്കു മറെറാരാളുടെ കയ്യിൽനിന്ന് ഒരു ചെറിയ വാക്കു പകൎന്നുകിട്ടിയപ്പോൾ, എന്റെ മനസ്സ് ആ ജീവിതമാകുന്നപരമാനന്ദത്തിലേക്കു തുള്ളിക്കയറി."

എല്ലാ സാധനത്തിന്നും ഓരോ പേരുണ്ടെന്നും അതു കൈവിരലുകൾകൊണ്ടു തപ്പി വായിക്കാവുന്നതാണെന്നും ഹെല്ലൻ മനസ്സിലാക്കിയ ഉടനെ, എല്ലാ പേരുകളും അവളെക്കൊണ്ടു തപ്പി വായിപ്പിക്കുവാൻ ഉപാധ്യായിനി ശ്രമിച്ചു. അവൾക്കു പഠിപ്പിലുണ്ടായിരുന്ന ശ്രദ്ധ അത്രയും അധികമായിരുന്നതുകൊണ്ട്, ഓരോ ദിവസവും അവൾ മുപ്പതു വീതം വാക്കുകൾ മനസ്സിലാക്കിവന്നു. മൂന്നു മാസംകൊണ്ട് അവൾ മുന്നൂറു വാക്കുകൾ പഠിച്ചു. നാലാം മാസത്തോടുകൂടി അവൾക്കു നിലത്തെഴുത്തുകൾ എഴുതാറാക്കി; ആറു മാസമായപ്പോഴെയ്ക്ക് അക്ഷരങ്ങളെ ഉയൎത്തിവെച്ചുകൊണ്ട് "ബ്രെയിലിസമ്പ്രദായ"മെന്ന പേരിൽ അറിയപ്പെടുന്ന അച്ചടിപ്പുസ്തകങ്ങൾ നോക്കി ചെറിയ കഥകൾ തപ്പിനോക്കി വായിക്കുവാൻ അവൾക്കു കഴിഞ്ഞു.

ആൽബാമ എന്ന പ്രദേശം, ധാരാളം പഴങ്ങളും പുഷ്പങ്ങളും പക്ഷികളുമുള്ള ഒന്നാണ്. ആ കൌതുകകരമായ നാട്ടുപുറത്തു വീട്ടിന്നു പുറമെ വെച്ചായിരുന്നു ഹെല്ലന്റെ വിദ്യാഭ്യാസം. അമ്മേരിക്കയിൽ സാധാരണമായി സ്കൂളുകളിൽ പഠിപ്പിച്ചുവരുന്നവിധം, കണക്കു, ഭൂമിശാസ്ത്രം, ഇംഗ്ലീഷ്, ചരിത്രം, പ്രാണിശാസ്ത്രം, സസ്യശാസ്ത്രം എന്നീ പല വിഷയങ്ങളെപ്പററിയും അവൾ പഠിച്ചിരുന്നു.

എല്ലാ വിഷയങ്ങളിലെയ്ക്കും ചുഴിഞ്ഞു

...നോക്കുന്നതിനും, എല്ലാം കഴിയുന്നതും അവഗാഢമായി മനസ്സിലാക്കുന്നതിനും അവൾക്കു പ്രകൃത്യാ അതിശ്രദ്ധയുണ്ടായിരുന്നു. പത്തു വയസ്സായപ്പോഴെയ്ക്കു് അമേരിക്കയിൽ നടക്കുന്ന കാര്യങ്ങളെപ്പററി പലതും അന്ധയും ബധിരയുമായ നമ്മുടെ പെൺകുട്ടി ധരിച്ചുകഴിഞ്ഞു. മിസ്സ് കെല്ലരുടെ പ്രസംഗത്തിനു മുമ്പുണ്ടായ മിസ്സിസ് മൈസിയുടെ പ്രസംഗത്തിൽ, ഹെല്ലൻ ചുങ്കത്തെപ്പററി ഒന്നാമതായി മനസ്സിലാക്കുവാൻ തുടങ്ങിയതിനെക്കുറിച്ചു പറഞ്ഞിരുന്നു. ഉച്ചയ്ക്കു ഭക്ഷണം കഴിക്കുന്ന സമയത്ത് അവളുടെ അച്ഛൻ സംസാരിച്ചിരുന്നത് എന്തിനെപ്പററിയാണെന്ന് അവൾ ചോദിച്ചു. അന്നത്തെ സംസാരം ചുങ്കത്തെക്കുറിച്ചായിരുന്നതുകൊണ്ട്, "നിനക്കു മനസ്സിലാവാത്ത ഒരു കാര്യത്തെപ്പററിയാണെ"ന്ന് അദ്ദേഹം മറുവടി പറഞ്ഞു. "അതെങ്ങിനെയാണ് മനസ്സിലാക്കിയത്?"-- ഇതായിരുന്നു ഹെല്ലന്റെ മറുവടി. "എനിക്കു അതറിയാൻ മനസ്സുണ്ട്! ഗ്രീസ്സുകാർ, അവരുടെ ഇടയിൽ പ്രായംചെന്നവർ ബുദ്ധിപൂർവ്വമായി സംസാരിക്കുന്നവയെ അവരുടെ കുട്ടികൾക്കും പറഞ്ഞുകൊടുക്കാറുണ്ടായിരുന്നു എന്ന് അച്ഛനറിയാമല്ലോ." ഹെല്ലൻകെല്ലറിന്റെ മട്ടിൽ ഇത്രയും കൂർമ്മയുള്ള ഒരു ബുദ്ധി കാണുമ്പോൾ അതിൽനിന്നു വല്ലതും മറച്ചുവെയ്ക്കുവാൻ മനുഷ്യർക്കു തോന്നുമോ?

അതേവരെ അവൾ വിരലുകൾകൊണ്ടു തപ്പിയിട്ടാണ് ഭാഷ പഠിച്ചിരുന്നത്. അവളെ അന്നുമുതൽ സംസാരിക്കുവാൻ പഠിപ്പിക്കുകതന്നെ എന്നു നിശ്ചയിച്ചു. ശബ്ദങ്ങളെ പുറപ്പെടുവിക്കുവാൻ അവൾക്കു മോഹമുള്ളപോലെ തോന്നി. വാക്കുകളെ പുറപ്പെടുവിക്കുന്നതെങ്ങിനെ എന്നു പഠിപ്പിക്കുന്നതിന്നു വേണ്ടി അവളെ അതു പഠിപ്പിച്ചുവരുന്ന ഹൊറസ്മാൻസ്കൂളിലെ സ്കൂയമ്മ. പതിനൊന്നു പാഠം പഠിച്ചുകഴിഞ്ഞപ്പോൾ അവൾ വീട്ടിൽചെന്നു മിസ്സ് സല്ലിവനോടു പറഞ്ഞു: "ഞാൻ മൂകയല്ല. എനിക്കു സംസാരിക്കാം."

അന്നുമുതൽ സംസാരിക്കുന്നതിന്നും വിരലുകൾ മററുള്ളവരുടെ ചുണ്ടത്തുവെച്ച് അവർ സംസാരിക്കുന്നതിനെ മനസ്സിലാക്കുന്നതിന്നും അവൾ പ്രത്യേകം ശ്രദ്ധവെച്ചു. ഹാർവാർഡ്സർവ്വകലാശാലയിൽ ചേർന്ന റാഡ്ക്ലിഫ്കോളേജിൽ ചേരുന്നതിന്ന് അത്യാവശ്യമായ ഫ്രഞ്ച്, ലാററിൻ എന്നീ ഭാഷകളും മററും അവൾ പഠിപ്പാനും തുടങ്ങി. ആ കോളേജുകാർക്ക് ഹെല്ലനെ സ്കൂളിൽ ചേർക്കാൻ വലിയ മനസ്സുണ്ടായിരുന്നില്ല; അന്ധയും ബധിരയുമായ ഒരു പെൺകുട്ടി എങ്ങിനെയാണ് കോളേജുക്ലാസ്സുകളിലെയ്ക്കുള്ള പാഠങ്ങൾ പഠിക്കുക എന്നവർ സംശയിച്ചു. ഏതായാലും, അത്ര വേഗത്തിൽ വേണ്ടെന്നുവെച്ചു പോവാൻ അവൾ തെയ്യാറില്ലായിരുന്നു. "യുദ്ധം ചെയ്യുന്നതിന്നു മുമ്പു തോററു എന്ന് ഒരു ഭടൻ എങ്ങിനെ സമ്മതിക്കും?" എന്നായിരുന്നു കോളേജധികാരികളോട് അവൾ പറഞ്ഞ മറുവടി. വളരെ വേഗത്തിൽ അവൾ കോളേജുപഠിപ്പു തുടങ്ങുവാൻ വേണ്ട ആദ്യത്തെ പരീക്ഷയിൽ തുലോം മാനത്തോടുകൂടി ജയിച്ചു, കോളേജിൽ ചേന്നു.

അവൾക്കു പഠിപ്പാനുള്ള വിഷയങ്ങൾ ലാററിൻ, ഗ്രീക്ക്, ഫ്രഞ്ച്, ഇംഗ്ലീഷ്,

രാജ്യപരിപാലനശാസ്ത്രം, ചരിത്രം, തത്വശാസ്ത്രം ഇവയായിരുന്നു. ഇവയെപ്പററിയെല്ലാം ഉയർന്ന പതിപ്പിലുള്ള അക്ഷരങ്ങളോടുകൂടിയ പുസ്തകങ്ങൾ കിട്ടാനില്ലായിരുന്നു. അതിനാൽ അവയിലുള്ള ഗ്രന്ഥങ്ങൾ വാക്കുവാക്കായി ഹെല്ലന്റെ കയ്യിലേയ്ക്കു മിസ്സ് സല്ലിവൻ തന്റെ വിരലുകൾവഴി പകർത്തിക്കൊടുക്കേണ്ടിവന്നു. എന്തൊരധ്വാനമുള്ള പ്രവൃത്തി! മിസ്സ് സല്ലിവൻ കെല്ലറോടൊരുമിച്ചു ക്ലാസ്സിൽ പോയിരുന്ന് ഉപാധ്യായന്മാരുടെ പ്രസംഗങ്ങളെയെല്ലാം കൈവിരലുകളെക്കൊണ്ട് അവളുടെ കയ്യിലേയ്ക്കു പകർത്തിക്കൊടുക്കും. അന്നു മിസ്സ് കെല്ലർ തന്റെ നിർഭാഗ്യത്തോടു ചെയ്ത യുദ്ധം വല്ലാത്തതായിരുന്നു!

ഒടുവിൽ ബി. എ. ബിരുദ കിട്ടുന്നതിനുള്ള പരീക്ഷയ്ക്കു ചേരേണ്ട ദിക്കായി. അത് 1899-ലാണ്. അവർ പരീക്ഷയ്ക്കിരിക്കുന്ന മുറിയിൽ താൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവൾക്കു പരിചയമുള്ള ആരേയും അങ്ങോട്ടു കടക്കാൻ അനുവദിച്ചിരുന്നില്ല. ടൈപ്പ്റൈററർ എന്ന യന്ത്രം കൊണ്ട് അവൾ ചോദ്യങ്ങൾക്കെല്ലാം ഉത്തരമെഴുതി. എഴുതിയത് എന്തെല്ലാമെന്ന് അവൾക്കു വായിച്ചുകൊടുപ്പാൻ ആരും ഇല്ലാതിരുന്നതുകൊണ്ട്, ആ പരീക്ഷ അവൾക്ക് അത്യന്തം ബുദ്ധിമുട്ടുള്ള ഒന്നായിരുന്നു. എന്തായിട്ടും മിസ്സ് കെല്ലർ പരീക്ഷയിൽ ഒന്നാംസ്ഥാനമെടുത്തു ജയിച്ചു.

അമേരിക്കയിലെ വിദ്യാഭ്യാസരീതി അറിഞ്ഞിട്ടുള്ള ഒരുവന്റെ നിലയിൽ ഞാൻ പറയുക, ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമ്മൻ, ലാററിൻ, ഗ്രീക്ക് എന്നീ അഞ്ചു ഭാഷകളും പഠിക്കുക എന്ന കാര്യം അഞ്ചിന്ദ്രിയങ്ങളുമുള്ള ഒരാൾക്കുതന്നെ അത്യധ്വാനമുള്ള ഒന്നാണെന്നു തന്നെയാണ്. കൽക്കത്തയിൽ ബധിരന്മാർക്കും മൂകന്മാർക്കുമുള്ള താന്നതരം സ്കൂളിൽ ഒരു വിദ്യാർത്ഥി എന്ന നിലയിൽ, മിണ്ടാൻ വയ്യാത്ത ഒരു ചെകിടുപൊട്ടന്ന് ഒരു ഭാഷ മാത്രം മനസ്സിലാക്കുക എന്ന കാര്യംതന്നെ വളരെ പ്രയാസമുള്ള ഒന്നാണെന്നു ഞാനറിയും. പിന്നെ മനുഷ്യപ്രകൃതിയെ പരിശോധിച്ചു നോക്കിയിട്ടുള്ള ഒരാളുടെ നിലയിലും, പ്രകൃത്യാ ബാധിര്യം മാത്രമല്ല അന്ധത്വംകൂടിയുള്ള ഒരാൾക്ക് അഞ്ചു ഭാഷയിൽ പാണ്ഡിത്യം സമ്പാദിക്കുന്ന കാര്യം അതിലും പ്രയാസമേറിയ ഒന്നാണെന്ന് എനിക്കു തീർച്ചയുണ്ട്. അതിനാൽ അത്ഭുതകരമായ ആ ഒരു കാര്യം വിജയപൂർവ്വം നേടിയത്, ഹെല്ലൻ കെല്ലരുടെ അനന്യസാധാരണമായ ബുദ്ധിക്കൂർമ്മകൊണ്ടു മാത്രമല്ല, അനവധി വർഷങ്ങളോളം രാവും പകലും ഒരേവിധം ഇരുന്നു പണിയെടുക്കുവാൻ അവൾക്കുള്ള വിസ്മയകരമായ ക്ഷമാശക്തികൊണ്ടുമാണെന്നു പറയേണ്ടിയിരിക്കുന്നു. ഇയ്യിടയിൽ വെച്ചുണ്ടായ ഒരു പ്രസംഗത്തിൽ മിസ്സ് കെല്ലർ പറഞ്ഞിരുന്നു: "ഒരിന്ദ്രിയം ഇല്ലാതായാൽ മററിന്ദ്രിയങ്ങൾക്കു ശക്തികൂടും എന്ന പൊതുവെ ഉള്ള വിശ്വാസം വെറും വിഡ്ഢിത്തമാണ്. സഹനശീലം മാത്രമാണ്, ആ നഷ്ടത്തിന് ഒരു പരിഹാരമായിട്ടുണ്ടാകുന്നത്."

റാഡ്ക്ലിഫ് കോളേജിൽനിന്നു ബി. എ. ബിരുദ വാങ്ങി പിരിഞ്ഞതിനുശേഷം, അവൾ അവളുടെ ജീവിതത്തെ പരോപ

കാരത്തിന്നായി ഉഴിഞ്ഞുവെച്ചു. അവൾ ചെയ്തുവരുന്ന നാനാമുഖമായ പ്രവൃത്തികളെ വിവരിച്ചുപറയുന്നതായാൽ, അവൾ ജീവിക്കുന്നത് അന്ധകാരത്തിലുംനിശ്ശബ്ദതയിലുമാണെങ്കിലും, അവൾ വാസ്തവത്തിൽ പ്രപഞ്ചജീവിതത്തിലുള്ള ഭംഗിയും ഉത്സാഹവുമേറിയ എല്ലാം ഭാഗവും പരിപൂർണ്ണമായി അനുഭവിക്കുന്നുണ്ടെന്നു തെളിയുന്നതാണ്. ബാധിര്യവും അന്ധതാപവും ബാധിച്ചിട്ടുള്ളവരുടെ വിദ്യാഭ്യാസവിഷയത്തിൽ അടിക്കടി പരിഷ്കാരാഭിവൃദ്ധി ഉണ്ടാക്കിത്തീക്കുന്നതിനുവേണ്ടി അവൾ എപ്പോഴും ബുദ്ധിമുട്ടുന്നു. മതം, രാജ്യഭരണം, സ്ഥിതി, സമതാവാദം എന്നീ പല വിഷയങ്ങളിലും അവൾ അക്ഷീണമായി പരിശ്രമിക്കുന്നു. അവൾ പല ഉൽകൃഷ്ട മാസികകളിലും ഒന്നാംതരം ഉപന്യാസങ്ങൾ എഴുതുന്നു. അന്ധ്യവും ബധിര്യമാണെങ്കിലും, പണ്ഡിതന്മാരുടെ സദസ്സിൽവെച്ചു പ്രസംഗംചെയ്യുന്നു. പലേ ഗ്രന്ഥങ്ങളും നിമ്മിക്കുന്നു. "എന്റെ ജീവിതചരിത്രം", "ഞാൻ ജീവിക്കുന്ന ലോകം", "അന്ധകാരത്തിൽനിന്ന്" എന്നിങ്ങിനെയുള്ള പുസ്തകങ്ങൾ സുപ്രസിദ്ധങ്ങളാണ്. ഇവയിൽ പല പുസ്തകങ്ങളും അനവധിഭാഷകളിലെല്ലു തജ്ജമചെയ്തുകഴിഞ്ഞു. മിസ്സ് കെല്ലർ ഇതിന്നെല്ലാംപുറമെവിശിഷ്ടവാസനയുള്ള ഒരു കവിയിത്രിയുമാണ്; "കന്മതിലിന്റെ സംഗീതം", "ഇരുട്ടിൽനിന്നുള്ള പാട്ട്" എന്നീ പുസ്തകങ്ങളുടെ ആഹ്ലാദകരങ്ങളായ പേരുകൾതന്നെ അവളുടെ കവിതാവാസനയെ സൂചിപ്പിക്കുന്നു. അന്ധൻ അന്ധന്നുവഴികാട്ടുമോ് എന്ന അത്ഥത്തിൽബൈബളിൽ ഒരു വരിയുണ്ടെന്നു തോന്നുന്നു. കാലംപോയിട്ട്, ഇപ്പോൾ അന്ധൻ അന്ധന്നു മാത്രമല്ല കണ്ണിന്നു നല്ല കാഴ്ചയുള്ളവക്കുകൂടി പല കായ്യത്തിലും വഴി കാണിക്കുകയായി.

മിസ്സ് ഹെല്ലൻ കെല്ലരുടെ എഴുത്തുകളിൽനിന്ന് ആ മാന്യസ്ത്രീയുടെ ജീവിതരീതിയെ മനസ്സിലാക്കാൻ ശ്രമിക്കുന്നതു രസകരമായിരിക്കും. ജീവിതരഹസ്യത്തെ മനസ്സിലാക്കുന്നതിൽ ഓരോ ഇന്ദ്രിയവും നമ്മുടെ കഥാനായികയെ ഏതുവിധത്തിലെല്ലാം സഹായിച്ചിരിക്കുന്നു എന്നു താഴെ കാണുന്ന ഭാഗങ്ങളിൽനിന്നു നമുക്ക് ഏകദേശം അറിയാം.

"കണ്ണും ചെവിയും കൂടി നിങ്ങൾക്ക് എന്തെല്ലാം സഹായം ചെയ്യുന്നുവോ അതെല്ലാം ഞാൻ എന്റെ കയ്യുകൊണ്ടു സാധിക്കുന്നു. നമ്മൾ ഒരേ വഴികളിൽക്കൂടി സഞ്ചരിക്കുകയും ഒരേ പുസ്തകങ്ങൾ വായിക്കുകയും, ഒരേ ഭാഷ സംസാരിക്കുകയും ചെയ്യുന്നുണ്ടെങ്കിലും നമുക്കുണ്ടായിട്ടുള്ള ലോകപരിചയം ഒരിക്കലും ഒരേവിധത്തിലുള്ളതല്ല. പുരുഷന്മാരും സ്ത്രീകളുമുള്ള ലോകത്തോട" എന്നെ ബന്ധിപ്പിക്കുന്നത് എന്റെ കയ്യാണ്. എന്റെ കൈവിരലുകളിന്മേൽ തട്ടുന്നതെന്തും എന്റെ കൈ മനസ്സിലാക്കുന്നു. വേറെ ഒരാൾ എന്റെ കയ്യിന്മേൽ ഒരു ചെറിയ വാക്കു പകത്തുന്നതോടുകൂടി, വിരലുകൾക്കുണ്ടാകുന്ന അനക്കത്തോടുകൂടി, എനിക്കു കായ്യജ്ഞാനവും സന്തോഷവും ഉണ്ടാകുന്നു."

"പട്ടണത്തിലുള്ള തിരക്കും ഇരമ്പലും എന്റെ മുഖത്തു വന്നു കൊള്ളുന്നു; അവസാനമില്ലാതെ ആളുകൾ നടന്നുപോകുന്നതു ഞാൻ അറിയുന്നു; ആ തിരക്ക്

എന്റെ മനസ്സിന്ന് ഉണൎച്ചയുണ്ടാക്കുകയും ചെയ്യുന്നു. കാണുവാൻ കഴിയുന്ന ജനങ്ങൾക്ക് അവരുടെ കണ്ണിന്നുമ്പിൽ നടക്കുന്ന അനവധി സംഗതികൾ അവരുടെ മനസ്സിനെ അവിടെയ്ക്കാകൎഷിക്കുന്നില്ലെങ്കിൽ, ഉറപ്പുള്ള നിരത്തിൽകൂടി ഭാരവണ്ടികൾ ശബ്ദിച്ചുകൊണ്ടുരുളുന്നതും, യന്ത്രങ്ങൾ കിടന്നു തിരിയുന്നതും, അവരുടെ ഞരമ്പുകളെ ഇപ്പോഴത്തേതിലധികം ഉപദ്രവിക്കുന്നതായിരിക്കണം."

"എന്റെ അനുഭവത്തിൽ ഘ്രാണേന്ദ്രിയമാണ് പ്രധാനം. വെയിൽതട്ടി ഉലന്നതും കാററത്തു പാറുന്നതുമായ മരച്ചില്ലയുടെ ഇടയിൽകൂടി വരുന്ന പരിമളത്തെക്കാളേറ അല്ലെങ്കിൽ പരന്നുകിടക്കുന്ന ലോകം മുഴുവനും മനോഹരമാക്കിത്തീൎത്തുകൊണ്ടു മീതെയ്ക്കുമീതെ തിരമാലകളെപ്പോലെ തിങ്ങിയും മുട്ടിയും പൊങ്ങിയും വരുന്ന വാസനാപരമ്പരയെക്കാളേറ മീതെയായി മനസ്സിന്നാഹ്ലാദമുണ്ടാക്കുന്ന വല്ലതും ദൃഷ്ടികളെക്കൊണ്ടനുഭവിക്കാവുന്നതാണോ എന്നു ഞാൻ സംശയിക്കുന്നു."

"എനിക്കു പരിചയപ്പെട്ടുന്ന കയ്യുകൾ എന്നോടു പലതും പറഞ്ഞുതരാറുണ്ട്. ചില കയ്യുകളുടെ സ്പൎശം മൎയ്യാദയില്ലായ്മയെ കാണിക്കുന്നു. ചിലരുടെ വിരൽത്തലപ്പുകൾ തൊടുമ്പോൾ, ഞാൻ ഒരു വലിയ രണ്ടുകാററിന്റെ കയ്യാണോ പിടിക്കുന്നതെന്നു തോന്നിപ്പോകുന്നു. മററു ചിലരുണ്ട്; അവരുടെ കയ്യിന്മേൽ കൈവെയ്ക്കുന്നതോടുകൂടി എന്റെ മനസ്സിന്ന് ഉന്മേഷവും സന്തോഷവും ഉണ്ടാകുന്നു."

"സങ്കല്പത്തെ എടുത്തു കളഞ്ഞാൽ ഞാൻ താമസിക്കുന്ന ലോകം എത്ര നിസ്സാരം! എന്റെ പൂന്തോട്ടംതന്നെ പല ആകൃതിയിലും സുഗന്ധത്തോടുകൂടിയുമുള്ള വടികൾ കുത്തി നിൎത്തിയ ഒരു മൊട്ടപ്പറമ്പായിത്തീരും. എന്നാൽ അതിന്നുള്ള ഭംഗിയെ നോക്കി എന്റെ മനോദൃഷ്ടിയെ തുറക്കുന്നതായാൽ, വെറുംനിലം തന്നെ എന്റെ കാൽച്ചുവട്ടിൽ കിടന്നു വിളങ്ങുന്നു; വേലിത്തറികൾ ഇല വിരിഞ്ഞു തെളിയുന്നു; പനിനീർച്ചെടി അതിന്റെ സുഗന്ധംകൊണ്ടു ദിക്കെല്ലാം നിറയ്ക്കുന്നു. പൂവിടുന്ന ചെടികളുടെ നില എനിക്കു കാണാം; ഇണകൂടുന്ന പക്ഷികളുടെ പ്രണയവൎഷത്തെ ഞാൻ പങ്കുകൊള്ളും— ഇതാണ് സങ്കല്പത്തിന്റെ മാഹാത്മ്യം."

"മനോരാജ്യത്തെ വേണ്ടെന്നുവെച്ചാൽ, അന്ധന്മാൎക്കു പ്രധാനമായുള്ള ജീവിതസുഖം ഇല്ലാതായി. മററുള്ളവരുടേയും എന്റേയും മനോരാജ്യങ്ങൾ തമ്മിൽ വലിയ വ്യത്യാസമില്ല. ചിലപ്പോൾ അൎത്ഥമുള്ളതും ഒരു കാൎയ്യത്തോടു ബന്ധപ്പെട്ടതുമായിരിക്കും. ചിലപ്പോഴത്തേത് അൎത്ഥമില്ലാത്തതും യാതൊന്നുമായി ബന്ധമില്ലാത്തതുമായിരിക്കും."

മിസ്സ് കെല്ലരുടെ "സുഖം" എന്ന വിഷയത്തെപ്പററിയുള്ള പ്രസംഗം കേൾക്കാൻ സാധിച്ചതിൽ ഞാൻ ഭാഗ്യവാൻതന്നെയാണെന്നു വിചാരിക്കുന്നു. ആ വഴിക്കു അവർ തന്ന ഉപദേശം മനസ്സിന്നു സുഖത്തേയും സമാധാനത്തേയും ഉണ്ടാക്കുന്നു. പ്രസംഗം കഴിഞ്ഞു, സഭ്യന്മാരുടെ ചോദ്യങ്ങൾക്കെല്ലാം അവർ മറുപടി പറഞ്ഞപ്പോൾ, അവിടെ കൂടിയവരെല്ലാം അവരെ കൈകൊട്ടലോടുകൂടി അഭിനന്ദി

ച്ചു. ആ അഭിനന്ദനത്തിന്ന് അവർ പതുക്കെ തല കുനിച്ചു. ഉപാധ്യായിനിയുടെ കയ്യുംപിടിച്ച് അവർ ആ സഭാമണ്ഡപത്തിൽനിന്നിറങ്ങിയപ്പോൾ, അവരുടെ മനഃസ്ഥൈര്യവും, സൌഭാഗ്യവും, മനശ്ശക്തിയും, സ്വഭാവവൈശിഷ്ട്യവും എനിക്കു നന്നെ ഉള്ളിൽ പതിഞ്ഞു. ബാഹ്യേന്ദ്രിയാഭാവംകൊണ്ടുള്ള ബുദ്ധിമുട്ടുകളെ മനസ്സിന്നു ജയിക്കാമെന്നു മിസ്സ് കെല്ലർ തെളിയിക്കുന്നു. ഇന്നത്തെ അത്യത്ഭുതമായ മിസ്സ് കെല്ലരുടെ ജീവിതത്തിൽനിന്നു നമുക്കു പഠിക്കാനുള്ള തത്വം, അവർ തന്നെ ഒരിടത്തു പറഞ്ഞിട്ടുള്ള താഴെ കാണുന്ന വരികളിൽ അടങ്ങിയതാണ്.

"ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു; മനുഷ്യത്വത്തിൽ വിശ്വസിക്കുന്നു; മനഃശക്തിയിലും വിശ്വസിക്കുന്നു. നമ്മെയും മററുള്ളവരേയും പ്രോത്സാഹിപ്പിക്കുന്നതു നമ്മുടെ കടമയാണെന്നു ഞാൻ ദൃഢമായി കരുതുന്നു; ദൈവം നന്നാക്കി ഉണ്ടാക്കിയിട്ടുള്ളതും പിന്നേയും നന്നാവുന്നതിന്നു വേണ്ടി അനവധി മനുഷ്യരുടെ പ്രയത്നം ചെന്നിട്ടുള്ളതുമായ പ്രപഞ്ചത്തെപ്പററി ആക്ഷേപിക്കുവാൻ മനുഷ്യന്നവകാശമില്ലാത്തതുകൊണ്ട്, ഈ ദൈവസൃഷ്ടമായ ലോകത്തെപ്പററി ഒരു കറുത്ത വാക്കും പറയാതിരിക്കയാണ് നാം വേണ്ടത്. നമ്മൾ എല്ലാവരുംകൂടി ഒത്തൊരുമിച്ച്, ഒരാൾ ദുഃഖിക്കുന്ന കാലത്തോളം മറെറാരാൾ സുഖമനുഭവിക്കില്ലെന്നുള്ള നില ലോകത്തിൽ വരുത്തിത്തീർക്കുന്നതിന്നുവേണ്ടി എപ്പോഴും ശ്രമിക്കേണ്ടതാണെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു."

അങ്ങത്തോട്.

—നാലപ്പാട്ട് നാരായണമേനോൻ.

## കാർത്തികതിരുനാൾ രാജകുമാരി മംഗളാശംസ.

കുമ്മി.

ചാലംബുവാകുന്ന വാണിമാരേ!
ലോലംബാ തോല്ക്കുന്ന വേണിമാരേ!
ബാലാംബമാരേ! മഹാമോദ-
മാലംബ്യ ചാരേ വന്നീടുക.
മൂലം നരപാലനു ശുഭാലംബനകാലം വഴി-
പോലിന്നു കൈവന്നു തോഴിമാരേ! മേലിൽ
മാലിന്നു സംഗതിയില്ല തീരെ.
കാർത്തികനാൾ കൊച്ചുപൂവൽമേനി
കാർത്തസ്വരാഭയെ വെന്ന മേനി
താർത്തനചിതന്റെ കൃപാരസ-
പൂർത്തിയെത്തന്റെ മൃദുമെയ്യിൽ
ഇലവന്തിട്ടു.
ചേർത്തും ചിരരാത്രം പരമാർത്ഥം പുരുഷാർത്ഥം സാജ-
ധാത്രിയിലെങ്ങും വളർത്തിടട്ടേ, സൌഖ്യ-
ദാത്രിയായ് നിത്യം ലസിച്ചീടട്ടേ!
രാജരാജോപമന്മാരാമോരോ
രാജകുമാരന്മാർക്കമ്മയായി
തേജോഗഭീരം, വഹിച്ചിഹ
രാജാധികാരം പലവഴി
ശ്രേയസ്സോടുമായുസ്സോടുമോജസ്സോടുമായിസ്സതി
രാജിക്കാറാകണേ വാരിജാഭ! വഞ്ചി-
രാജാക്കൾ വാഴണേ പത്മനാഭ!

—മൂലൂർ എസ്. പത്മനാഭപ്പണിക്കർ.

## കിച്ചനർപ്രഭു.

## VI.

### ചരമം.

൧൯൧൬ ജൂൺ ൬-ാംനു- ചൊവ്വാഴ്ച രാവിലെ ലണ്ടനിലുള്ള സകല ജനങ്ങളും അസ്വസ്ഥന്മാരായിരിക്കുന്നതായി കാണപ്പെട്ടു. എവിടെ നോക്കിയാലും ആളുകൾ കൂട്ടംകൂട്ടമായി എന്തോ പിറുപിറുത്തുംകൊണ്ടു നില്ക്കുന്നതായിട്ടു കാണാമായിരുന്നു. എല്ലാവരുടേയും മുഖത്തു ഭയദുഃഖസമ്മിശ്രമായ എന്തോ ഒരു വികാരം ദ്യോതിച്ചിരുന്നു. പരേതനായ എഡ്വാർഡ് ചക്രവർത്തി തിരുമനസ്സിലേക്കു് അപ്രതീക്ഷിതമായുണ്ടായ ആലസ്യം നിമിത്തം അവിടുത്തെ കിരീടധാരണമഹോത്സവം മാററിവെയ്ക്കേണ്ടതായി വന്ന അവസരത്തിലും ലണ്ടനിലെ ജനങ്ങൾ ഇപ്രകാരം അസ്വസ്ഥരായിരിക്കുന്നതായി കാണപ്പെട്ടിരുന്നില്ല. എന്നാൽ ഇതിന്റെ കാരണമെന്താണെന്നറിയാതെ അന്യന്മാരുടെ ഭാവപ്പകർച്ചകണ്ടു മാത്രം പരുങ്ങലിലായിത്തീർന്നവരും അവിടെ പലരുണ്ടായിരുന്നു. അതിനാൽ ഇതിന്റെ കാരണമെന്താണെന്നു ചിലർ അന്വേഷിച്ചു തുടങ്ങി. ആരുമാരും ഒന്നുമൊന്നും വ്യക്തമായി പറയുന്നില്ല. എങ്ങനെ പറയും? "കിച്ചനർപ്രഭു അവർകളും കൂട്ടുകാരും കപ്പൽനാശത്തിൽപ്പെട്ടു മരിച്ചുപോയി" എന്നു പറയാൻ ആർക്കു ധൈര്യമുണ്ടാകും? സൂക്ഷ്മമറിയാതെ ആരെങ്കിലും വല്ലതും പറയാമോ? പറഞ്ഞാൽത്തന്നെ ആരു വിശ്വസിക്കും? കിച്ചനർപ്രഭു എവിടെപ്പോയിരുന്നു? കപ്പലിൽപ്പോയതെന്തിന്? എന്നിങ്ങനെ ഓരോ ചോദ്യങ്ങളല്ലാതെ ലണ്ടൻപട്ടണത്തിൽ കേൾക്കാനില്ലാതെയായി. വർത്തമാനപത്രാപ്പീസുകളിലും ഗവർമ്മേൻറുവക വർത്തമാനപ്രസിദ്ധീകരണസ്ഥലങ്ങളിലും ജനങ്ങൾ തിക്കിത്തിരക്കിക്കൂടിത്തുടങ്ങി. അപ്പോഴേയ്ക്കും വർത്തമാനപത്രങ്ങളും ഗവർമ്മേൻറുപരസ്യങ്ങളും പുറപ്പെട്ടുകഴിഞ്ഞു. അവ വില്ക്കാനായി കൊണ്ടുനടക്കുന്നവരെ ജനങ്ങൾ ബലാൽക്കാരമായി പിടിച്ചുനിറുത്തി വില കൊടുത്തും കൊടുക്കാതെയും പിടിച്ചുപറിച്ചും പത്രങ്ങൾ വാങ്ങി വായിച്ചു വർത്തമാനമറിയുന്നതിനായിക്കാണിച്ച പരിഭ്രമവും ബഹളവും വാചാമഗോചരങ്ങളായിരുന്നു എന്നല്ലാതെ മറെറാന്നും പറയാനില്ല. ആ പ്രസിദ്ധീകരണങ്ങളെല്ലാം ഒരേ രീതിയിലായിരുന്നു. "കിച്ചനർപ്രഭു അവർകളും അദ്ദേഹത്തിന്റെ സഹകാരികളും കൂടി ഒരു പ്രത്യേകകാര്യത്തിലേയ്ക്കായി "ഹാംഷെയർ" എന്ന യുദ്ധക്കപ്പലിൽ കയറി റഷ്യയിലേയ്ക്കു പോയ വഴിക്ക് ഓർക്കിനിദ്വീപിനു സമീപത്തുവെച്ചു കപ്പൽ ഒരു മൈനിൽ മുട്ടിയോ, അഥവാ സബ്മെറീൻപ്രയോഗംകൊണ്ടോ മുങ്ങിപ്പോയിരിക്കുന്നു" എന്നായിരുന്നു എല്ലാവരുടെയും പ്രസിദ്ധീകരണത്തിന്റെ ചുരുക്കം, ഇതുനിമിത്തം ലണ്ടനിലുണ്ടായ ബ

ഹളം എത്രമാത്രമെന്നു പറഞ്ഞറിയിക്കാൻ പ്രയാസംതന്നെ. ഇതു വാസ്തവമാണെന്നു വിശ്വസിക്കാൻ ആക്കുംതന്നെ നിവൃത്തിയില്ലായിരുന്നു. ജൂൺമാസം ൫-ാംനു-വരെ കിച്ചനർപ്രഭു ലണ്ടനിലുണ്ടായിരുന്നു. പ്രഭു ഇങ്ങനെയൊരു യാത്രചെയ്യാൻ ഭാവമുണ്ടെന്നോ ചെയ്യുവെന്നോ അവിടെയാരും കേൾക്കുകപോലും ചെയ്തിരുന്നില്ല. ഈ സ്ഥിതിക്ക് ഈ കഠിനസംഭവത്തെക്കുറിച്ച് എങ്ങനെ വിശ്വസിക്കാം? ഗവൺമെൻറിൽനിന്നു രണ്ടാമതായി ഒരു വിജ്ഞാപനംകൂടി പ്രസിദ്ധപ്പെടുത്തിയിരുന്നു. അതിൻെറ സാരം താഴെപറയുംപ്രകാരമായിരുന്നു,

സൈന്യസംബന്ധമായും ധനസംബന്ധമായുമുള്ള ചില അത്യാവശ്യസംഗതികളെപ്പററി ആലോചിക്കുന്നതിനായി റഷ്യാചക്രവത്തിയുടെ ക്ഷണനപ്രകാരം കിച്ചനർപ്രഭു, തൻെറ സഹായികളായ ചില ഉദ്യോഗസ്ഥന്മാരോടുകൂടി ഹാംഷയർ എന്ന യുദ്ധക്കപ്പലിൽ കയറി റഷ്യയിലേക്കായി പോയിരുന്നു. ഈ യാത്ര ഏററവും രഹസ്യമായിരിക്കേണ്ടതിനായി ലണ്ടനിൽനിന്നു തീവണ്ടിമാഗ്ഗം സ്കോട്ടുലൻഡിൻെറ ഏററവും വടക്കേ അററത്തു ചെന്ന്, അവിടെനിന്നാണ് കപ്പൽകയറിയത്. ഹാംഷയർകപ്പൽ ജൂൺമാസം ൫-ാംനു- തിങ്കളാഴ്ച രാത്രി ഏഴുമണിക്കാണ് തുറമുഖത്തുനിന്നു പുറപ്പെട്ടത്. (യുദ്ധസമയമാകകൊണ്ടു ഇപ്പോൾ റഷ്യായിലേക്കു പോകുന്നതിനു സാധാരണമായി ഉപയോഗിച്ചുവരുന്നത് ഒരു പുതിയ വഴിയാണ്. നോർവേയുടെ വടക്കുവശത്തുകൂടി ആർട്ടിക്കുസമുദ്രത്തിൽ കടന്നിട്ടാണ് റഷ്യായിൽ പുതുതായി തുറന്നിരിക്കുന്ന തുറമുഖത്തിറങ്ങുന്നത്.) ഈ സമയം അത്യുഗ്രമായി കോളിളകിയിരുന്നതിനാൽ കടൽ സാമാന്യത്തിലധികം ക്ഷോഭിച്ചിരുന്നു. ഹാംഷയർകപ്പലിൻെറ കൂടെ അകമ്പടിയായി രണ്ടു വിധ്വംസനക്കപ്പലുകളുമുണ്ടായിരുന്നു. കടലിൻെറ ക്ഷോഭംനിമിത്തം ആ കപ്പലുകൾക്കു ഹാംഷയർക്കപ്പലിനോടൊപ്പമെത്താൻ പ്രയാസമായിത്തീരുകയാൽ ഹാംഷയറിലെ കപ്പിത്താൻെറ ആജ്ഞാപ്രകാരം അവ തിരിച്ചുപോന്നു. ഏകദേശം എട്ടുമണിയോടുകൂടി ഹാംഷയർകപ്പലിനു തീപ്പിടിച്ചു പൊട്ടലുണ്ടായി. പത്തു നിമിഷങ്ങൾകൊണ്ട് ആ കപ്പൽ താണുപോകയും ചെയ്തു. ഏകദേശം എട്ടരമണിയോടുകൂടി ഒരു കബാത്തുകപ്പലിൽനിന്നു കമ്പിയില്ലാക്കമ്പിത്തപാൽമാഗ്ഗം "ഒരു യുദ്ധക്കപ്പലിനു തീപ്പിടിച്ചിരിക്കുന്നു" എന്നു കരയിലേക്ക് അറിവുകൊടുത്തു. കപ്പലിനു തീപ്പിടിച്ചിരിക്കുന്നതായി കണ്ടതല്ലാതെ കാററിൻെറ ശക്തിയും കടലിൻെറ ഇരമ്പവുംകൊണ്ടു പൊട്ടലിൻെറ ശബ്ദം കേട്ടില്ലെന്നും, കപ്പലിൽനിന്നു നാലു ബോട്ടുകളിറക്കി എതാനുമാളുകൾ അവയിൽകയറി പുറപ്പെട്ടിട്ടുണ്ടെന്നും കൂടി ആ കമ്പിവത്തമാനത്തിൽപറഞ്ഞിട്ടുണ്ടായിരുന്നു. ഈ വിവരം അറിവുകിട്ടിയ ക്ഷണത്തിൽ സഹായത്തിനും അന്വേഷണത്തിനുമായ അനേകം കപ്പലുകളെ നിയോഗിച്ചയച്ചതു കൂടാതെ കടൽത്തീരങ്ങളിൽ ഇതിനെപ്പററി വല്ലതുമറിവു കിട്ടീട്ടുണ്ടോ എന്നന്വേഷിച്ചറിയുന്നതിനായി മോട്ടാർകാറുകളിൽ അനേകംപേരെ കടൽക്കരകളിലേക്കുമയച്ചു. എന്നാൽ, അത്യുഗ്രതയോടുകൂടി ഉയന്നിളകിമറിഞ്ഞുകൊ

ണ്ടിരുന്ന തിരമാലകൾ ആ ബോട്ടുകളെ അടിച്ചു മുക്കിയിരിക്കുമെന്നും അവയിൽ ഒന്നുംതന്നെ കണ്ടുകിട്ടീട്ടില്ലെന്നും നാവിക സൈന്യാധിപന്റെ ഒരറിയിപ്പു കിട്ടിയതല്ലാതെ, തൽകാലം യാതൊരു വിവരവുമറിയുന്നതിനു കഴിഞ്ഞില്ല. ബോട്ടുകളെല്ലാം അവിടെയുള്ള പാറകളിലടിച്ചു തകന്നുപോയിരിക്കുമെന്നാണ് ഊഹം. ഒരു ചങ്ങാടത്തിന്മേൽ പിടിച്ചു തൂങ്ങിക്കിടന്നിരുന്ന പന്ത്രണ്ടാളുകളെ തിരയടിച്ചു കരയ്ക്കടുപ്പിച്ചു. അന്വേഷണത്തിനായി പോയിരുന്നവരിൽ ചിലർ അതു കണ്ട് അവരെപ്പിടിച്ചു കരയ്ക്കു കയററി. അവരെല്ലാവരും വളരെ ക്ഷീണിച്ചു മൃതപ്രായരായിരുന്നു. അവരിൽ രണ്ടുപേർ വളരെ പതുക്കെ "കിച്ചനർ, കിച്ചനർ" എന്നു പിറുപിറുത്തതിന്റെ ശേഷം ബോധരഹിതരായിപ്പോയി. പിന്നീടു പാറക്കൂട്ടങ്ങളുടെ ഇടയിൽനിന്നും മററുമായി ഏകദേശം എൺപതോളം ശവങ്ങൾ കണ്ടെടുത്തു. എങ്കിലും കിച്ചനർപ്രഭുവിന്റെ മൃതശരീരം അക്കൂട്ടത്തിലുമുണ്ടായിരുന്നില്ല. കിച്ചനർപ്രഭുവിന്റെ കൂടെത്തന്നെ സഞ്ചരിച്ചിരുന്നയാളും തന്റെ വിശ്വസ്തമിത്രവും പ്രൈവററുസെക്രട്ടരിയും സകലധീരപ്രവൃത്തികളിലും ഭാഗഭാക്കും ബന്ധുവുമായിരുന്ന കൎണ്ണൽ ഫിററ്സ്ജെറാൾഡിന്റെ മൃതശരീരം മാത്രം കണ്ടുകിട്ടി. അതു സൈനികോചിതങ്ങളായ ബഹുമതികളോടുകൂടി യഥാവിധി സംസ്കരിക്കപ്പെടുകയും ചെയ്തു.

കപ്പൽനാശത്തിൽനിന്നു രക്ഷപ്പെട്ടവരായ ചിലരിൽനിന്നു കിച്ചനർപ്രഭു കയറിയിരുന്ന കപ്പലിന്റെ നാശത്തെപ്പററി മാത്രം ചില വിവരങ്ങൾകൂടി കേൾക്കാൻ കഴിഞ്ഞുവെന്നല്ലാതെ, കിച്ചനർപ്രഭുവിനെപ്പററി പിന്നീടു യാതൊരറിവും കിട്ടീട്ടില്ല. ൧൯൧൬ ജൂൺമാസം ൫-ാംനു- തിങ്കളാഴ്ച രാത്രി എട്ടുമണിക്കു ഹാംഷയർ എന്ന യുദ്ധക്കപ്പൽ ഒരു മൈനിൽ മുട്ടിയോ സബ്മെറീൻ എന്ന വിധ്വംസനക്കപ്പലുകളിലെ ടോർപ്പിഡോപ്രയോഗംകൊണ്ടോ പൊട്ടിത്തെറിച്ചു തീപ്പിടിക്കുകയും പത്തു നിമിഷങ്ങൾക്കകം താണുപോവുകയും ചെയ്തു എന്നും, കപ്പലിനു പൊട്ടൽ പററിയ ക്ഷണത്തിൽ നാലു ബോട്ടുകളും ഏതാനും ചങ്ങാടങ്ങളും ഇറക്കിയിട്ട് അവയിൽ ആളുകളെ കയററി എന്നും ആ സമയം "കിച്ചനൎക്കു വഴികൊടുക്കുവിൻ" എന്ന് ആരോ ഒരാൾ ഉച്ചത്തിൽ വിളിച്ചുപറയുന്നതു കേട്ടു എന്നും, അതിനാൽ കിച്ചനർപ്രഭു ബോട്ടിൽക്കയറിയോ എന്നും കയറിയിരുന്നാൽ തന്നെയും ബോട്ടുകൾ ഇറക്കിയ സമയം കപ്പലിനുണ്ടായ ഇളക്കം ഹേതുവാൽ ബോട്ടും കപ്പലും കൂടി കൂട്ടിമുട്ടി ഒരുവേള കിച്ചനർപ്രഭു തെറിച്ചു വെള്ളത്തിൽപ്പോവുകയോ ആ ബോട്ടുതന്നെ തകന്നുപോവുകയോ ചെയ്തിട്ടില്ലയോ എന്നു തീച്ചപ്പെടുത്താൻ നിവൃത്തിയില്ലെന്നും, ആകപ്പാടെ നോക്കിയാൽ കിച്ചനർപ്രഭുവിന് എങ്ങനെയോ അപായം വന്നുപോയി എന്നല്ലാതെ സൂക്ഷ്മമായ അറിവൊന്നുമില്ലെന്നും മററുമാണ് മേൽപ്പറഞ്ഞവരിൽനിന്നു കിട്ടീട്ടുള്ള അറിവുകൾ. അതിനാൽ വീരനും ധീരനുമായിരുന്ന ആ പുരുഷകേസരി ൧൯൧൬ ജൂൺമാസം ൫-ാംനു- തിങ്കളാഴ്ച രാത്രി എട്ടുമണിക്കുശേഷം കഥാശേഷനായിത്തീൎന്നിരിക്കുമെന്നുതന്നെ ഊഹിക്കേണ്ടിയിരിക്കുന്നു.

കോട്ടയം. —കെ. എം. മാത്തുള്ളമാപ്പിള.